# ത്യാഗദീപം

സി. കൊച്ചുത്രേസ്യ C.M.C.



kl. 580
5978

CARMEL JYOTHI
ALWAYE
THAIK'ATTUKARA

# യാഗദീപം



സി. കൊച്ചുത്രേസ്യ സി.എം.സി.

**YAGADEEPAM**
(Malayalam)

**Author**
Sr. Kochuthresia C.M.C.

**Published by**
Provincial Superior
Jaya Matha Province
Pala-686 575
Copyright to the Publisher
**First Edition**
January 2005

**Copies**
1000

Cover
Weaver's Nest, Pala

**Printed at**
Print House, Pala

Price
30.00



BISHOP'S HOUSE
P.B. No. 18, Palai-686575
Kerala, S.India
Phone: 04822 212216, 212217
214338
Fax: 04822 211379

## ആശംസ

കർമ്മലീത്താ സന്ന്യാസസമൂഹങ്ങളുടെ സ്ഥാപകനും ആദ്ധ്യാത്മികാചാര്യനുമായിരുന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചന്റെ ജന്മദ്വിശതാബ്ദി ആചരിക്കുന്ന ഈ അവസരത്തിൽ ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികദർശനങ്ങളിലേക്കും, ഭൗതികവീക്ഷണങ്ങളിലേക്കും, സാഹിത്യരചനകളിലേക്കും ആഴ്ന്നിറങ്ങിക്കൊണ്ട് 'യാഗദീപം' തയ്യാറായിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ രചന സാക്ഷാത്കരിച്ചിരിക്കുന്ന സി. കൊച്ചുത്രേസ്യ സി.എം.സി.ക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികതയും, തിരുസഭാസ്നേഹവും, പ്രേഷിതചൈതന്യവും മനസ്സിലാക്കുന്നതിനും ഉൾക്കൊള്ളുന്നതിനും ഈ ഗ്രന്ഥം വളരെ സഹായകമാണ്. ചാവറയച്ചന്റെ ജീവിതത്തെ അടുത്തറിഞ്ഞ് ധ്യാനാത്മകമായി സമീപിച്ച് അതിന്റെ ചൈതന്യം ജീവിക്കുന്ന ഒരാളാണ് ഗ്രന്ഥകർത്രി എന്ന് പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ മനസിലാക്കാം. ഈ ഗ്രന്ഥം അനേകർക്ക് ആദ്ധ്യാത്മികചൈതന്യം പകരുന്നതിന് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശാസിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ J. Kallarangatt

**മാർ ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതയുടെ മെത്രാൻ**



## അവതാരിക

ദൈവത്തെ സ്നേഹിക്കുന്നവർക്കു ദൈവജനത്തെ മറക്കാനാവില്ലല്ലോ? ദൈവത്തോടുള്ള സ്നേഹം മനുഷ്യവർഗ്ഗത്തോടും പ്രപഞ്ചത്തോടുമുള്ള കരുതലുള്ള ശ്രദ്ധയെ ഉൾക്കൊള്ളുന്നു. ദൈവസ്നേഹത്തിന്റെ നിറവിൽ, മാതൃസ്നേഹത്തിന്റെ തണലിൽ, ദിവ്യകാരുണ്യത്തിൽ വിലയംപ്രാപിക്കുന്ന നമ്മുടെ പിതാവ് വാഴ്ത്തപ്പെട്ട ചാവറയച്ചനെ ഈ ഗ്രന്ഥം അനാവരണം ചെയ്യുന്നു. തിരുസ്സഭയെ സമുദ്ധരിക്കാൻ സമർപ്പണചിന്തയോടെ യത്നിച്ച ചാവറയച്ചനേക്കുറിച്ചും അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളേക്കുറിച്ചും സമ്യക്കായി ഒരു വിവരണം ഇതിലുണ്ട്. ചാവറയച്ചന്റെ കവിഹൃദയത്തിന്റെ സ്പന്ദനം ഈ ഗ്രന്ഥത്തിന്റെയും ഹൃദയത്തുടിപ്പാകുന്നു.

'സന്ന്യാസസഭാസ്ഥാപകനായ കർമ്മലീത്താസന്ന്യാസി'യിൽ ധ്യാനത്തിന്റെ വെളിച്ചത്തിന് അക്ഷരരൂപം ലഭിച്ചിരിക്കുന്നു. 'എന്റെ മക്കളേ' എന്നു പിതാവു വിളിക്കുമ്പോൾ, വാത്സല്യത്തിന്റെ വാതിലുകൾ മലർക്കെത്തുറന്ന് തേൻമൊഴികളുടെ വിരുന്നുമേശയിൽ നമ്മെ കാത്തിരിക്കുന്ന താതനെ നാം കാണുന്നു. സന്ന്യാസിയുടെ ധനം സന്നിധാനമാണെന്ന് അടിവരയിട്ട് പിതാവ് ഓർമ്മിപ്പിക്കുന്നു. വ്രതബദ്ധമായ ശിഷ്യത്വത്തിന്റെ സമുന്നതത്വം പിതാവ് നമ്മെ സ്നേഹപൂർവ്വം അനുസ്മരിപ്പിക്കുന്നു. 'ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ..., പിതാവിന്റെ വാക്കുകളുടെ ഒരു ദിവ്യപ്രവാഹത്തിനരികത്തായിരിക്കുന്ന അനുഭവമാണ് ഈ ഭാഗം വായിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത്.

കുടുംബങ്ങളുടെ സമുദ്ധാരണം പിതാവിന്റെ വലിയൊരു സ്വപ്നമായിരുന്നല്ലോ. കുടുംബജീവിതക്കാരുടെ മാഗ്നാകാർട്ടയായ കുടുംബചട്ടത്തിലെ ആശയങ്ങളുടെ പ്രാധാന്യത്തെ ഇതിൽ എടുത്തുപറയുന്നുണ്ട്.

സാഹിത്യത്തോട് ജന്മസിദ്ധമായ താല്പര്യം പുലർത്തുന്ന സി. കൊച്ചുത്രേസ്യയ്ക്ക് ചാവറപ്പിതാവിന്റെ കവിഹൃദയത്തുടിപ്പുകൾ മറക്കാനാവില്ലല്ലോ ആത്മാനുതാപത്തിലെ അനുതാപിയെയും ധ്യാനസല്ലാപത്തിലെ ധ്യാനയോഗിയെയും ഈരടികളിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. വലിയ വ്യക്തിത്വവും സൂര്യതേജസ്സുമുണ്ടായിരുന്ന വലിയ പ്രിയോരച്ചന്റെ കൊച്ചുമകൾ സി. കൊച്ചുത്രേസ്യ സ്ഥാപക പിതാവിന്റെ ജീവിതമൊന്നു നോക്കിക്കണ്ട കഥയാണ് ഈ ചെറുഗ്രന്ഥത്തിലുള്ളത്. യുഗപുരുഷനായ വാ. ചാവറപ്പിതാവിന്റെ ജീവിതത്തെ വിസ്മയം കലർന്ന ആദരവോടെ വീക്ഷിച്ചപ്പോൾ ഗ്രന്ഥകർത്രിയുടെ ഹൃദയസ്പന്ദനങ്ങൾ പ്രാർത്ഥനയായി രൂപാന്തരപ്പെട്ടതും ഈ ഗ്രന്ഥത്തിന്റെ താളുകളിൽ നമ്മൾ കാണുന്നു.

വാ. ചാവറപ്പിതാവിന്റെ ധന്യജീവിതത്തെ മൂന്നു വ്യത്യസ്ത കാഴ്ചപ്പാടിൽ ധ്യാനിച്ച് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികതയുടെ ആധാരം സ്വന്തം ഭവനത്തിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച ശിക്ഷണമായിരുന്നുവെന്ന് സി. കൊച്ചുത്രേസ്യ തെളിയിക്കുന്നുണ്ട്. വ്യക്തികളുടെ വ്യക്തിത്വസവിശേഷതകൾ അവരുടെ ലിഖിതങ്ങളിൽ നിന്നാണു കാലാന്തരത്തിൽ അനുവാചകർ മനസ്സിലാക്കുക. വാ. ചാവറപ്പിതാവിന്റെ ഉയർന്ന ആത്മീയതയും ഉന്നതമായ ചിന്തയും ഉദാത്തമായ മരിയഭക്തിയും ഒരിക്കലും ക്ഷീണിക്കുകയോ തളരുകയോ ചെയ്യാത്ത പ്രത്യാശയും എന്നും ജ്വലിച്ചുനില്ക്കുന്ന ദൈവസ്നേഹവും അദ്ദേഹത്തിന്റെ കൃതികളിൽ നിന്നാണ് വ്യക്തമാകുന്നത്. അഭിമാനത്തോടെ പറയട്ടെ, സി. കൊച്ചുത്രേസ്യ വന്ദ്യപിതാവിന്റെ കൃതികൾ ആഴമായി പഠിച്ചു; ചിന്തിച്ചു; ധ്യാനിച്ചു. അങ്ങനെ ഈ ചെറുഗ്രന്ഥം രൂപംകൊണ്ടു. വാ. ചാവറപ്പിതാവിന്റെ മാനസപുത്രിയായി സി. കൊച്ചുത്രേസ്യ വളരട്ടെയെന്നും ഇനിയും പിതാവിനെപ്പോലെ, സാഹിത്യനഭസ്സിൽ പ്രകാശിക്കട്ടെ എന്നും ആശംസിക്കുന്നു. ഈ ഗ്രന്ഥം വായിക്കുന്നവർക്ക് വാ. ചാവറപ്പിതാവിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ ദൈവസ്നേഹത്തിന്റെ നിറവ് അനുഭവിക്കാനിടയാകട്ടെ എന്ന് ആശംസിക്കുന്നു.

**സി. ഫിലോസിറ്റ സി.എം.സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ
പാലാ.



# ആശംസ

കേരളസഭാചരിത്രത്തിൽ നൂതനാദ്ധ്യായങ്ങൾ എഴുതിച്ചേർത്ത വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ഇരുനൂറാം ജയന്തിക്കായി ഏറ്റവും അടുത്ത് ഒരുങ്ങുന്ന വേളയാണല്ലോ ഇത്. 1805ൽ ജനിച്ച് 1871ൽ സ്വർഗ്ഗം പൂകിയ ആ പുണ്യജ്യോതിസ്സ് ജീവിച്ച കാലഘട്ടത്തെ മാത്രമല്ല വരുംകാലങ്ങളെയും തന്റെ ദിവ്യമായ വ്യക്തിപ്രാഭവം കൊണ്ട് ഉപര്യുപരി ദീപ്തമാക്കിക്കൊണ്ടിരിക്കുന്നു. സുദൃഢമായ വിശ്വാസജീവിതത്തിനൊപ്പം, സമുന്നതമായ സാംസ്കാരികദർശനവും സമന്വയിപ്പിച്ച ആ പുണ്യപിതാവ് സ്വസമുദായത്തെയും, സഭയെയും, മാനവസംസ്കാരത്തെ മുഴുവനെയും ഉദാത്തീകരിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. അടുത്തിടപെടുന്ന ആരും ആരാധനാമനോഭാവത്തോടെ നോക്കിപ്പോകുന്ന, കാലത്തിനുമുമ്പേ നടന്നുനീങ്ങിയ ആ ക്രാന്തദർശി, അപ്രാപ്യമെന്നു തോന്നാവുന്ന എത്രയോ കാര്യങ്ങൾ, അത്ഭുതകരമായ പ്രായോഗികബുദ്ധിയും അനന്യമായ സിദ്ധിവൈഭവവും പ്രകടിപ്പിച്ചുകൊണ്ട്, അസാധാരണ വേഗത്തിൽ പൂർത്തിയാക്കി. ക്രിസ്തീയസമർപ്പണത്തിന്റെയും സന്ന്യാസത്തിന്റെയും ഉൾക്കാമ്പ് കണ്ടെത്തിയ ചാവറപ്പിതാവ്, ബാഹ്യപ്രവർത്തനങ്ങളുടെയും നിലയ്ക്കാത്ത ഒരു യന്ത്രം തന്നെയായിരുന്നു. പള്ളികൾ, പള്ളിക്കൂടങ്ങൾ, സെമിനാരികൾ, സന്ന്യാസസമൂഹങ്ങൾ, അനാഥാലയങ്ങൾ, പ്രസ്സ്, പുസ്തകങ്ങൾ; ഒന്നുമില്ലായ്മയിൽനിന്ന് എത്രയെത്ര വിസ്മയങ്ങൾ; വിശുദ്ധിയുള്ള ഒരാൾ മരുഭൂമിയിൽ കാലുകുത്തുമ്പോൾ മരുഭൂമി പൂക്കുന്ന അനുഭവം!

വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും, തമിഴും സംസ്കൃതവും പഠിക്കുകയും, പരിഭാഷപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഭാരതത്തിന്റെ പുരാതന ജ്ഞാനസമ്പത്തിനെ, തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയദൈവവിജ്ഞാനവുമായി

ബന്ധിപ്പിച്ച്, ആത്മീയതയുടെ അഴകും മിഴിവുമുള്ള അനേകം സാഹിത്യരൂപങ്ങൾക്കും അദ്ദേഹം ജന്മം നല്കി. തിരക്കേറിയ ജീവിതത്തിൽ വീണുകിട്ടിയ സ്വച്ഛനിമിഷങ്ങളിൽ, സർവ്വേശ്വരനിൽ ലയിച്ച അന്തരാത്മാവിൽനിന്ന് അനർഗ്ഗളം ഒഴുകിയിറങ്ങിയ ആത്മീയനിർഝരി! ആ ഉദാത്ത കൃതികളിലൂടെയെല്ലാം ചാവറപ്പിതാവിന്റെ ഈ 'ചെറുമകൾ' സിസ്റ്റർ കൊച്ചുത്രേസ്യ, അവധാനപൂർവ്വം, പ്രാർത്ഥനാപൂർവ്വം സഞ്ചരിക്കുകയും, അവയിൽ ഉയർന്നു ജ്വലിക്കുന്ന ഈ 'യാഗദീപ'ത്തെ കണ്ടെത്തുകയും ചെയ്തു. ആ പുണ്യയാത്രയിൽ ഹൃദയമുടക്കിയ മുത്തുകളും, പവിഴമണികളും മൂന്നു വിഭാഗത്തിലായി കോർത്തിണക്കി.

1. വാ. ചാവറപ്പിതാവിന്റെ ആധ്യാത്മികത

2. അദ്ദേഹത്തിന്റെ നവീകരണപ്രവർത്തനങ്ങൾ

3. അദ്ദേഹത്തിന്റെ സാഹിത്യസപര്യകൾ

ഇവയെക്കുറിച്ച് സമ്യക്കായ ഒരു വിവരണം, സ്വതസിദ്ധമായ സുന്ദരശൈലിയിൽ ഗ്രന്ഥകർത്രി അനുവാചകർക്കായി ഒരുക്കിയിരിക്കുന്നു.

താൻ അംഗമായിരിക്കുന്ന സി.എം.സി. സഭയുടെ സ്ഥാപകപിതാവിനോടുള്ള ആദരവും ഭക്തിയും രൂപാന്തരംപ്രാപിച്ച് പ്രാർത്ഥനയായി, ആത്മാവിഷ്കാരമായി അവിടവിടെ വിടരുന്നതും ആകർഷകമായ അനുഭവമാണ്. പുസ്തകരചനയുടെ ലോകത്ത് ഒരു നവാഗതയായ സി. കൊച്ചുത്രേസ്യ, തന്റെ ആദ്യചുവടുവയ്പിൽത്തന്നെ ഇത്രയേറെ ആത്മീയതയും ആവിഷ്ക്കാരധന്യതയും പ്രകടിപ്പിച്ചതിന് അഭിനന്ദനം അർഹിക്കുന്നു. ഈ ഇളംതൂലികത്തുമ്പിൽനിന്ന് ഇനിയും നന്മയുടെയും വിശുദ്ധിയുടെയും നറുമണം പ്രസരിപ്പിക്കുന്ന അനേകം സാഹിത്യസംഭാവനകൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ 'യാഗദീപ'ത്തിന് പ്രചുരപ്രചാരവും എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

**സി. ലയോണിലാ സി.എം.സി.**
വൈസ് പ്രൊവിൻഷ്യൽ



# മുഖമൊഴി

കർമ്മലയുടെ ഏകാന്തതയിൽ
ഹൃദയത്തിന്റെ സ്വച്ഛതയിൽ
ഞാൻ കണ്ടു – എന്റെ അപ്പനെ,
വാ. ചാവറപ്പിതാവിനെ.
പിതൃസന്നിധിയിൽ നമ്രശിരസ്കനായി,
മാതൃസന്നിധിയിൽ വത്സലതനയനായി,
സമൂഹമദ്ധ്യേ ജീവിക്കുന്ന സക്രാരിയായി,
അപ്പൻ ഇന്നും ജീവിക്കുന്നു;
ചരിക്കുന്നു – കർമ്മലയിൽ.
എന്തിനെന്നോ? നമ്മോടൊരുമൊഴിയരുളാൻ,
അതെന്താണെന്നോ?
"എന്റെ മക്കളേ, ഈ ദിവസങ്ങളിൽ
കർത്താവിന്റെ സ്നേഹം നിങ്ങൾ ധ്യാനിക്കണം."
ഈ മൊഴി നാം കേൾക്കാതെ പോകുന്നു
ഈ മുഖം നാം കാണാതെ പോകുന്നു
എപ്പോഴൊക്കെയോ, എങ്ങനെയൊക്കെയോ
അപ്പനെയും നാം മറക്കുന്നു.
മനഃപൂർവ്വമല്ല; ആകസ്മികമായി.
ഈ ചിന്തയത്രേ ഗ്രന്ഥത്തിനൊരു പശ്ചാത്തലം:
പൈതൃകമറിയാത്തവർ ലക്ഷ്യം മറക്കാം
ജന്മേ സനാഥയായവൾ
കർമ്മേ അനാഥയാകുമോ?
തൂലികയായതും ഈ ചിന്തയത്രേ.
എന്റെ കൊച്ചുജീവിതത്തിലേക്ക്
കൊച്ചുമനസ്സിലേക്ക്

കൊച്ചുബുദ്ധിയിലേക്ക്
ദൈവം ചൊരിഞ്ഞ അനന്തകൃപകൾ
അക്ഷരരൂപം സ്വീകരിച്ചതാണിത്...
അക്ഷരക്കൂട്ടങ്ങൾക്ക് അർത്ഥധ്വനി നല്കി,
അനുഗ്രഹാശിസ്സുകൾക്ക് ആശംസാരൂപമേകി
പൈതൃകസ്നേഹവും വാത്സല്യവും എന്റെമേൽ ചൊരിഞ്ഞ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്,
സ്നേഹത്തിൽ കുതിർന്ന നല്ല പല്ലവങ്ങളാൽ
നന്ദി നന്ദി ഒരായിരം നന്ദി.
കൈകൾ കൂപ്പാൻ കൃപകളേറെ
നന്ദിയരുളാൻ മനസ്സുകളും
കുറയാത്ത അനുഗ്രഹവും
തളരാത്ത പ്രാർത്ഥനയും
തീരാത്ത സ്നേഹവും
നിലയ്ക്കാത്ത പ്രോത്സാഹനവും
നല്കി എന്നെ അനുഗ്രഹിച്ച,
സ്നേഹ. ബഹു. അമ്മയ്ക്ക്, ബഹു. കൗൺസിലേഴ്സിന്
അമ്മമാരായൊരെൻ മിസ്ട്രസ്സുമാർക്ക്
സ്നേഹമുള്ള സഹോദരിമാർക്കെല്ലാം
പ്രത്യേകിച്ച് ജൂണിയേഴ്സിന്

നന്ദി... നന്ദി... ഹൃദയസുമാലംകൃതനന്ദി.
ഓടിച്ചെന്നപ്പോഴെല്ലാം
തേടിയെത്തുംപോലെ നോക്കിനിന്ന്
ഉന്മുഖമായപ്പോഴെല്ലാം
തുറന്നഹസ്തം നീട്ടിത്തന്ന്
എൻ ചെറുസൃഷ്ടി വായിച്ചു നോക്കി
താങ്ങായ് നിന്നു തെറ്റുതിരുത്തി
മുഖചിത്രവും പേരും നല്കി, നിഴലായി നിന്നഅനേകരുണ്ട്.
അവർക്കു നന്ദി നന്ദി സ്നേഹനറുമലരാൽ നന്ദി.
ആടാൻ നില്ക്കും നർത്തകിപാദേ,
ചിലങ്ക കെട്ടും പോലവേ
അവതാരിക വഴി സ്നേഹമതേകിയ
സ്നേഹ. ബഹു. അമ്മയ്ക്ക് നന്ദി നന്ദി അകൈതവ നന്ദി.

തുടിക്കുന്ന ഹൃത്തോടെ വായിച്ചുനോക്കി
നിറയും സ്നേഹത്തോടെ തിരുത്തലുനല്കി
എൻ ചെറുകൃതിയെ ധന്യമാക്കിയ
ക്രിസ്റ്റഫറമ്മയ്ക്കു നന്ദി.
ആശംസയാം മണിമുത്തുകളാൽ
എൻ ചെറുകൃതിക്ക് സുന്ദരമാം
തിലകമതേകിയ ലയോണിലാമ്മയ്ക്കു
നന്ദി... നന്ദി... നവപല്ലവ നന്ദി.
ഈറ്റില്ലത്തെ നൊമ്പരം
ഏറ്റുവാങ്ങാൻ സന്നദ്ധരായ
ഒരായിരം സുമനസ്സുകൾക്ക്
നന്ദി നന്ദി ശതവർഷ നന്ദി.
ജീവൻ നല്കി ഓജസ്സു നല്കി
എന്നാശയം പുസ്തകമാക്കിയ
പ്രിന്റുഹൗസ്സിലെ സഹോദരങ്ങൾക്കു
നന്ദിയോടൊപ്പം നേരുന്നു
ദൈവകൃപയും അനുഗ്രഹവും.
എൻ പ്രാണവല്ലഭനീശോ,
ഈ ചെറുഗ്രന്ഥം വായിപ്പവരിൽ
നിൻ സ്നേഹമതേകാൻ കനിയൂ
എൻ അപ്പനെയറിയാൻ വരമേകൂ.

സ്നേഹപൂർവ്വം,

സി. കൊച്ചുത്രേസ്യ സി.എം.സി.

# ദളസംജ്ഞകൾ


അവതാരിക

ആശംസ

മുഖമൊഴി

**I. കേരളനഭസ്സിലെ ദിവ്യസൂര്യൻ**

1. പിതൃകരങ്ങളിലെ വത്സലപുത്രൻ
2. മാതൃഭക്തിയുടെ മാർഗ്ഗദീപം
3. ദിവ്യകാരുണ്യദാസൻ

**II. സമുദ്ധാരകനായ കർമ്മലദീപം**

1. തിരുസ്സഭാസമുദ്ധാരകൻ
2. സന്ന്യാസസഭാസ്ഥാപകനായ കർമ്മലീത്താസന്ന്യാസി
3. കുടുംബങ്ങളുടെ കാവൽക്കാരൻ

**III. കർമ്മലവിശുദ്ധനിലെ കവിഹൃദയം**

1. ആത്മാനുതാപത്തിലെ അനുതാപി
2. ധ്യാനസല്ലാപത്തിലെ ധ്യാനയോഗി
3. സ്മരണയുടെ മനുഷ്യനായ കവി



# കേരളനഭസ്സിലെ ദിവ്യസൂര്യൻ

## I

ആർഷഭാരതത്തിന്റെ നാലുകെട്ടിൽ വേദമന്ത്രങ്ങൾ പ്രതിധ്വനിക്കുന്ന കാലം. പുരാണങ്ങൾ കേട്ടുറങ്ങിയ, തുയിലുണർത്തുപാട്ട് കേട്ടുണർന്ന ഭാരതീയ ജനത. പ്രണവമന്ത്രത്തിന്റെ വശ്യതയിൽ ആ ഹൃദയങ്ങൾ മതിമറന്നിരുന്നു. അന്ന്, അവരുടെ ഹൃദയാന്ദോളനങ്ങൾക്ക് ത്രിത്വസ്തുതിയുടെ ഈണം ആദ്യമായി പകർന്നുനല്കിയത് വി. തോമ്മാശ്ലീഹായായിരുന്നു. ഭാരതം കണ്ട ആദ്യ ക്രിസ്തുശിഷ്യൻ! ആ പാദപത്മങ്ങളിൽ ഭാരതമക്കൾ സർവ്വം സമർപ്പിച്ചപ്പോൾ, ആ പാതയിലൂടെ അവർ ചെന്നെത്തിയത് ക്രിസ്തുദേവനിലായിരുന്നു. വഴിയും സത്യവും ജീവനുമായ സത്യദൈവത്തെ ആദ്യമായി തൊട്ടറിഞ്ഞ നിമിഷങ്ങൾ! നാളുകൾ നീളെ പോയതും, കാലങ്ങൾ മെല്ലെ മാഞ്ഞതും ഭാരതമക്കൾ അറിഞ്ഞില്ല. ഒരുവേള, വെയിൽ മാറി, മഴ മാറി, മഞ്ഞണിഞ്ഞ കാലം. ഇന്നലെകളിൽ ഈശ്വരഹിതം ഈറൻനിലാവായ് ഉദിച്ചുയർന്നപ്പോൾ ഭാരതസഭാസരസ്സിൽ ഒരു പുണ്യ ആമ്പൽപൂവ് പൊട്ടിവിടർന്നു. അതത്രേ വാ. ചാവറപ്പിതാവ്!

വിരിവാനിനെതിരെ പിടിച്ച വിശാലമായ കണ്ണാടിപോലെയായ വേമ്പനാടൻ കായൽ, കുണുങ്ങിചിരിച്ചും പിണങ്ങിക്കരഞ്ഞും ഒഴുകുമ്പോൾ, കമനീയതയുടെ കളിത്തൊട്ടിലായി മാറുന്നു കുട്ടനാടൻ പ്രദേശം. കർഷകവിയർപ്പിന്റെ ഗന്ധവും രുചിയും അറിയാവുന്ന കുട്ടനാട്ടിലെ ഒരു കൊച്ചുഗ്രാമമാണ് കൈനകരി. പ്രകൃതിഭംഗികൊണ്ട് സൗന്ദര്യത്തിന്റെ കളിയരങ്ങ് സൃഷ്ടിക്കുന്ന ഈ ഗ്രാമത്തിൽ, ചേന്നൻകരി

ഇടവകയിൽപ്പെട്ട ചാവറ കുടുംബത്തിൽ 1805 ഫെബ്രുവരി 10–ാം തീയതി കൊച്ചുകുര്യാക്കോസ് ഭൂജാതനായി. സ്നേഹസമ്പന്നയായ അമ്മയിൽനിന്ന് അമ്മിഞ്ഞപ്പാലിനോടൊപ്പം ആത്മപോഷണവും കൊച്ചുകുര്യാക്കോസ് നേടി. രാത്രിയുടെ യാമങ്ങളിൽ അമ്മ ചൊല്ലുന്ന പ്രാർത്ഥനാമഞ്ജരികൾ കേട്ട് അവനുണരും. അമ്മ മുട്ടുകുത്തിനില്ക്കുന്നതു കാണുമ്പോൾ ആ മുട്ടിൻമേൽ അവൻ ചാരിക്കിടക്കും. അമ്മ പ്രാർത്ഥിക്കുന്നതും ഈശോയെ വണങ്ങുന്നതുമെല്ലാം കേട്ടുകൊണ്ട് അമ്മയുടെ കാലിൽ പിണഞ്ഞുകൊണ്ടവൻ മന്ദം മന്ദം ഉറക്കത്തിലേക്ക് ഉരസിയിറങ്ങും. ജപമണികൾ കേട്ടുറങ്ങിയിരുന്ന രാത്രിയുടെ യാമങ്ങളെക്കുറിച്ച് അദ്ദേഹം കുറിക്കുന്നു:

"അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദം മന്ദമറിഞ്ഞു ദൈവത്തെയും
എന്നവൾരാത്രി പാതിരാനേരത്തും
മന്ദംനീക്കിയുണർന്നെഴുന്നേറ്റിട്ട്
മുട്ടുകുത്തിനമസ്ക്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാജപാ ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ
'പരം ജ്യോതിയേയീശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാജയ'
എന്നീവണ്ണമോരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു
മന്ദമായതു കേട്ടിരുന്നുംകൊണ്ടാ
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ."

"ഒരു പാദം ജീവിക്കുന്നവരുടെ ലോകത്തിലും മറുപാദം ഈശ്വരന്റെ മനസ്സിലും ചവിട്ടിനില്ക്കാൻ കഴിയുമ്പോൾ ജീവിതത്തിന് സന്തുലിതാവസ്ഥ ലഭിക്കുന്നു." വാ. ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ഈ സന്തുലിതാവസ്ഥ സാധിച്ചിരുന്നോ? 'നന്മനിറഞ്ഞ മറിയം' എന്ന മരിയകീർത്തനത്തിന്റെ മന്ത്രധ്വനികൾ കേട്ടുണർന്ന കുര്യാക്കോസിലെ മരിയഭക്തൻ ആജാനുബാഹുവായി വളർന്നു. ഈ വളർച്ചയാകട്ടെ പരി. അമ്മയിൽ നിന്ന് യേശുവിലേക്കും യേശുവിൽ നിന്ന് പിതാവിലേക്കും പരിണമിച്ചുകൊണ്ടിരുന്നു. തിരുക്കുടുംബത്തോടൊത്ത് ചരിച്ച കുര്യാക്കോസ് പരി. ത്രിത്വത്തിന്റെ വാസസ്ഥലമായി. അങ്ങനെ നോക്കിയാൽ ചാവറയച്ചന്റെ ഒരു പാദം ഈശ്വരമനസ്സിൽത്തന്നെയായിരുന്നുവെന്നു

കാണാം. മറുപാദം എവിടെയാണ്? അത് ഇന്നും ജീവിക്കുന്നവരുടെ ലോകത്തിൽത്തന്നെ.

ഭക്തിയും പ്രാർത്ഥനയും കർമ്മം ചെയ്യുന്നവന്റെ കരുത്താണെങ്കിൽ ചാവറയച്ചനിൽ ആ കരുത്ത് നൂറിരട്ടിയായിരുന്നു. ഈ കരുത്താണ് സ്വന്തം കുടുംബം അന്യംനിന്നുപോകുമായിരുന്നിട്ടും ദൈവവിളിയിൽ ഉറച്ചുനില്ക്കാൻ അദ്ദേഹത്തെ സുസജ്ജനാക്കിയത്. ദിവ്യകാരുണ്യനാഥന്റെ സന്നിധേനിന്നു സ്വന്തമാക്കിയിരുന്ന ഈ ദിവ്യമായ കരുത്തുതന്നെയാണ് അദ്ദേഹത്തെ കർമ്മയോഗിയാക്കിയത്; തിരുസഭാസമുദ്ധാരകനും സന്ന്യാസസഭാസ്ഥാപകനും കുടുംബനവീകരണകർത്താവും പ്രഗത്ഭനായ കവിയും വലിയ വിശുദ്ധനും ആക്കിയത്. മേശയിൽ വിളമ്പിയ ഓരോ മണിച്ചോറിലും അമ്മയുടെ വാത്സല്യത്തിന്റെ വിരൽമുദ്രയുള്ളതുപോലെ ചാവറപ്പിതാവിന്റെ ഓരോ പ്രവൃത്തിയുടെ പിന്നിലും ദൈവസ്നേഹത്തിന്റെ ഒരു തടാകം ഉണ്ടായിരുന്നു. ഈ തടാകം കരകവിഞ്ഞൊഴുകിയതാണ് സി.എം.സി., സി.എം.ഐ. സന്ന്യാസസമൂഹങ്ങൾ.

വിശ്വത്തെ വെല്ലുന്ന വ്യക്തിപ്രാഭവവും പുണ്യത്തിൽ പടമൂന്നിയ പാവനജീവിതവും അദ്ദേഹത്തെ ആദ്ധ്യാത്മികതയുടെ വിഹായസ്സിൽ എന്നും പ്രോജ്ജ്വലിക്കുന്ന സുവർണ്ണതാരമാക്കിമാറ്റി. നമ്മുടെ രാഷ്ട്രപിതാവ് എ.പി.ജെ. അബ്ദുൾകലാം പറയുന്നുണ്ട്: "നിങ്ങളുടെ കാല്പാടുകൾ കാലമാകുന്ന മണൽപ്പരപ്പിൽ അവശേഷിപ്പിക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ കാലുകൾ വലിച്ചിഴയ്ക്കാതിരിക്കുക." കാലമാകുന്ന മണൽപ്പരപ്പിൽ ചാവറയച്ചന്റെ പാദമുദ്രകൾ ഇന്നും മിന്നിനില്ക്കുന്നു. കാരണം, അതൊരിക്കലും വലിച്ചിഴയ്ക്കപ്പെട്ടിരുന്നില്ല. ചടുലമായ പദചലനങ്ങളോടെ മുന്നേറിയ ആ കർമ്മയോഗി സേവനത്തിന്റെ പാതയിലൂടെ ത്യാഗത്തിന്റെ താലവുമേന്തി ബഹുദൂരം യാത്ര ചെയ്തു. അതോടൊപ്പം വിശുദ്ധിയുടെ ഗിരിശൃംഗത്തിലേക്ക് അദ്ദേഹം പദംപദം മുന്നേറി.

"ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ വെല്ലുവിളികളെ ധൈര്യം, സ്ഥൈര്യം, ബുദ്ധിശക്തി, കായികബലം എന്നീ ഗുണവിശേഷങ്ങൾ ഉപയോഗിച്ചു വിജയംവരിക്കാം" എന്ന ഹോമറിന്റെ വാക്കുകളുടെ സ്ഥിരീകരണമായി ചാവറയച്ചന്റെ ജീവിതം നമ്മുടെ മുമ്പിൽ നില്ക്കുന്നു. മറവിയുടെ മാറാലയിൽ മാഞ്ഞുപോകാത്ത ഈ മഹാസ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കരായി നിന്ന്, അതിൽ വിളങ്ങുന്ന വിശുദ്ധിയുടെ രജതരേഖകളെ നമുക്ക് തേടിപ്പിടിക്കാം. അദ്ദേ

ഹത്തിലെ വിശുദ്ധനോടും വിപ്ലവകാരിയോടും കവിയോടും നമുക്ക് സംഭാഷിക്കാം.

ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും അർപ്പിക്കപ്പെട്ട ആ ധന്യജീവിതത്തിന് 1871 ജനുവരി 3-ാം തീയതി കൂനമ്മാവ് ആശ്രമത്തിൽവച്ച് തിരശ്ശീല വീണു. ശവസംസ്കാരം കഴിഞ്ഞ് അദ്ദേഹത്തിന്റെ കുമ്പസാരക്കാരനായിരുന്ന മൂപ്പച്ചൻ തന്റെ ഡയറിയിൽ എഴുതി – "നിർമ്മലവും പരിപാവനവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ." ●●

> നീരസങ്ങളെക്കുറിച്ച് ശത്രുക്കളോട് പകരം വീട്ടാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ, അവയെ സാരംവയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു.



# 1

# പിതൃകരങ്ങളിലെ വത്സലപുത്രൻ

മഹാനായ ടാഗോർ ഗീതാഞ്ജലിയിലൂടെ പാടി, "നാഥാ, അങ്ങു സിംഹാസനത്തിൽനിന്നു താഴെയിറങ്ങി എന്റെ വിജനമായ ഗൃഹത്തിന്റെ വാതില്ക്കൽ വന്നു നിന്നു. ആരും കേൾക്കാതെ, തനിയെ ഇരുന്നു ഞാൻ പാടുകയായിരുന്നു. ആ പാട്ടു കേട്ടാണ് അങ്ങു താഴെയിറങ്ങി വന്ന് എന്റെ ഗൃഹത്തിന്റെ വാതില്ക്കൽ അനങ്ങാതെ നിന്നത്." ഇതുപോലെ, തന്റെ പ്രാർത്ഥനാമുറിയിലേക്ക് ഇറങ്ങിവരുന്ന ദൈവപിതാവിന്റെ സാന്നിധ്യം ചാവറയച്ചനെ കോൾമയിർകൊള്ളിച്ചു. 'ധ്യാനസല്ലാപ'ത്തിൽ അദ്ദേഹം എഴുതി – 'എന്റെ നാഥാ, നീ എഴുന്നള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കുന്നു.' പുത്രനിർവിശേഷമായ സ്നേഹം തന്നിൽ അണപൊട്ടിയപ്പോൾ അദ്ദേഹം പാടി:

"മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ".

ദൈവവുമായുള്ള ദൃഢമായ പിതൃ–പുത്ര ബന്ധമാണ് ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ പ്രത്യേകത. അദ്ദേഹം പറഞ്ഞു, 'എന്റെ

അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ എനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല.' ആബാനുഭവം എന്നാൽ എല്ലാ തെറ്റുകളും പൂർണ്ണമായി ക്ഷമിക്കുന്ന വാത്സല്യനിധിയായ ദൈവംതന്നെയാണ് എന്റെ അപ്പനെന്നും; ആ അപ്പന്റെ പ്രിയപ്പെട്ട മകനാണ് ഞാനെന്നുമുള്ള ഉറച്ചബോധ്യമാണ്. ഈ ബോധ്യത്തിന്റെ അനുരണനങ്ങൾ ആത്മാനുതാപത്തിലുള്ളത് നാം കണ്ടുകഴിഞ്ഞു.

ദൈവത്തെ പിതാവെന്നു വിളിച്ചു പരിചയിക്കുന്ന അനുഭവത്തിൽനിന്നു കുറച്ചുകൂടി ഉയർന്ന് ഏറ്റവും വലിയ പിതൃസ്നേഹത്തിന്റെ അനുഭവത്തിലേക്ക് അദ്ദേഹം ചെന്നെത്തി. അദ്ദേഹം പറഞ്ഞു: "എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ ഉപവിയും തൻസ്നേഹം എന്നുമത്രേ തന്റെ നാമവും ആകുന്നു. ഇതിനാലേ നാം ഭയപ്പെടുകയും വേണ്ടാ". ആബാനുഭവത്തിന്റെ ആർദ്രത ആവോളം ആസ്വദിച്ച അബ്രാഹത്തെപ്പോലെയാണ് നമ്മുടെ ചാവറപ്പിതാവും. ദൈവപിതാവിന്റെ കല്പനപ്രകാരം ഇസഹാക്കിനെ ബലികഴിക്കാൻപോകുന്ന അബ്രാഹത്തിന്റെ ചിത്രം ഉല്പത്തി 22-ാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. അതിന്റെ പ്രതിബിംബമാണ് സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ഈറ്റില്ലമായ ചാവറ കുടുംബത്തിൽനിന്ന് പള്ളിപ്പുറം സെമിനാരിയിലേക്ക് പുറപ്പെടുന്ന കൊച്ചുകുര്യാക്കോസ്. അബ്രാഹം മൂന്നാം ദിവസം തലയുയർത്തിനോക്കിയപ്പോൾ മകനെ ബലികഴിക്കാനുള്ള മല കണ്ടു. ചാവറപ്പിതാവും തന്റെ ജീവിതത്തിൽ അനുനിമിഷം കണ്ടത് സ്വന്തം ഇഷ്ടം ബലികഴിക്കാനുള്ള മല മാത്രമാണ്. 'എനിക്ക് മറ്റൊരു മനസ്സോ' എന്ന് സ്ഥലംമാറ്റസമയത്ത് പറഞ്ഞ മറുപടി ഇതിന് നിദർശനമത്രേ. അതുപോലെ, അബ്രാഹം ബലിയർപ്പിക്കാൻ മലയിലേക്ക് കയറിയപ്പോൾ വേലക്കാരെയും കഴുതയെയും കൂടെക്കൊണ്ടുപോയില്ല. ദൈവസന്നിധിയിലേക്ക് കടന്നുചെന്നത് ബലിയർപ്പകനും ബലിവസ്തുവും മാത്രമായിരുന്നു. ഇതുപോലൊരു രഹസ്യസമാഗമം ചാവറയച്ചനും ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ സിസ്റ്റേഴ്സിനോട് ഇങ്ങനെ പറഞ്ഞത്, 'തന്റെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിവിൽ യിനിക്കുവേണ്ടിയും അപേക്ഷിപ്പിൻ.' പൈതൃകസ്നേഹത്തിന്റെ ആഴവും അർത്ഥവും ഗ്രഹിച്ച ചാവറപ്പിതാവിന്റെ ഹൃദയത്തുടിപ്പ് ഇങ്ങനെയായിരിക്കാം.

"നീ തന്നെ എനിക്ക് മാതാവും പിതാവും
നീ തന്നെ എനിക്ക് ബന്ധുവും മിത്രവും

നീ തന്നെ എനിക്ക് വിദ്യയും സമ്പത്തും
നീ തന്നെ ദൈവമേ എനിക്ക് സർവ്വവും" (ഭഗവദ്ഗീത)

പിതൃവാത്സല്യത്തിന്റെ നിറവിൽ നിന്നാണ് ചാവറയച്ചൻ തന്റെ ആദർശവാക്യം ഉരുവിട്ടത്. 'കർത്താവാണ് എന്റെ ഓഹരിയും പാന പാത്രവും; എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്' (സങ്കീ. 16:5). കർത്താവ് ഓഹരിയായിട്ടുള്ളവനും ദൈവകരങ്ങളിൽ ഭാഗധേയം കണ്ടെത്തിയവനും ഭാഗ്യവാനാണ്. ചന്ദ്രൻ ഉദിച്ചുപൊങ്ങുന്നതുപോലെയും പക്ഷി പറന്നുപൊങ്ങുന്നതുപോലെയും അഹത്തിന്റെ ആരവമില്ലാതെ ചാവറയച്ചന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് ഉയർന്നു പൊങ്ങി. തൊപ്പിപ്പാളയും കാട്ടുവടിയുമായി പിതൃസന്നിധിയിലേക്ക് കടന്നുവരുന്ന ധൂർത്തപുത്രനെ ധ്യാനസല്ലാപത്തിൽ നാം കാണുന്നുണ്ട്. "ഇതാ, എന്റെ അപ്പന്റെ അടുക്കലേക്ക് ഞാൻ പുറപ്പെടുന്നു. ഹാ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. എളിയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുക്കളൊക്കെയും ധൂളിച്ചുകളഞ്ഞ് അധർമ്മകാരനു വേലചെയ്ത് അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ് നാണം മറപ്പാൻകൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും ധരിച്ചിരിക്കുന്നു. എങ്കിലും ഈ വേഷത്തോടുകൂടെത്തന്നെ ഞാൻ ചെല്ലട്ടെ. അതെന്ത്യേ, ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ". ധൂർത്തപുത്രന്റെ എല്ലാ വികാരങ്ങളും ഉൾക്കൊണ്ട് അപ്പനെ ധിക്കരിക്കുന്ന പാപിയെന്നു സ്വയം വിശേഷിപ്പിക്കാൻ ചാവറയച്ചനല്ലാതെ മറ്റാർക്കാണു സാധിക്കുക. ഒരു മണിക്കൂർ ധ്യാനസമയത്തിനിടയ്ക്ക് മുപ്പത്തിയൊന്ന് പ്രാവശ്യം ദൈവത്തെയും ഈശോയെയും 'അപ്പാ' എന്നു വിളിക്കുന്ന ചാവറയച്ചനെ ധ്യാനസല്ലാപത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്.

ദൈവത്തിൽ സ്നേഹപിതാവിനെ ദർശിച്ച ചാവറയച്ചൻ ഈശോമിശിഹായെയും 'അപ്പാ' എന്ന സംജ്ഞകൊണ്ട് അഭിസംബോധന ചെയ്യുന്നുണ്ട്. പീഡാനുഭവധ്യാനത്തിലാണ് നാമിത് കാണുന്നത്. "ഹാ! എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുക്കണ്ണുകളുടെയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാറ്റി അനുഗ്രഹമുള്ള ഈ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നെനിക്കു കാണ്മാനിടയാകും." അദ്ദേഹം തുടരുന്നു: "ആ അയ്യോ! എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ?" തല

ചായ്ച്ചു വച്ചിരിക്കുന്ന ക്രൂശിതരൂപത്തെ നോക്കി ചാവറയച്ചൻ പറയുന്നത് ഇപ്രകാരമാണ്: "പാപികളെ അവരുടെ കുറ്റം കാരണത്താൽ സ്നേഹിക്കുമോ കർത്താവ് എന്നു സംശയിക്കാതിരിക്കാൻ അവരെ സ്നേഹപൂർവ്വം ചുംബിക്കാൻതക്ക രീതിയിൽ അവിടുന്നു തന്റെ തിരുമുഖം ചായ്ച്ചുവച്ചിരിക്കുന്നു".

ചാവറയച്ചനിലെ കവിയുന്ന പിതൃസ്നേഹം നിറയുന്ന അനുതാപം ജനിപ്പിച്ചു. ആത്മാനുതാപത്തിൽ അദ്ദേഹം അതേറ്റുപാടി.

"വെണ്മയുള്ള ആത്മാവോടെ നടക്കുവാനായി നീ തന്ന നന്മയുടെ വെള്ളവസ്ത്രം ബുദ്ധിശൂന്യനും പാപിയുമായ ഞാൻ നഷ്ടമാക്കി. എന്നെ കാണുന്ന ആളുകൾ എന്റെ സന്മാതൃക കണ്ട് നിന്നെ സേവിക്കുന്നതിനുവേണ്ടി മാർഗ്ഗം തെളിക്കുന്ന പന്തം എനിക്കു നല്കി. കഷ്ടമേ, ഞാൻ വളർന്നപ്പോൾ എന്റെ വിളക്കിൽ നെയ്യും അഗ്നിയും ഇല്ലാതായി. എന്റെ പന്തം പുകയുന്നതായി ഞാൻ കണ്ടു. ഇതുപോലുള്ള ദൗർഭാഗ്യം ഈ ലോകത്തിൽ മറ്റാർക്കാണുണ്ടായിട്ടുള്ളത്. അല്പനും അഹങ്കാരിയുമായ ഞാൻ എന്റെ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു."

വേറൊരിടത്ത് അദ്ദേഹം എഴുതി:

"നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൻപരം ദുഃഖം പിശാചിൻ ദാസനായി."

ചാവറയച്ചനിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹത്തിന്റെ ഏകദേശരൂപമാണ് നാമിവിടെ കണ്ടത്. അനുദിനധ്യാനം കഴിഞ്ഞ് അപ്പന്റെ സന്നിധിയിൽനിന്നെഴുന്നേറ്റ് കർമ്മവീഥിയിലേക്ക് ഇറങ്ങുന്ന ചാവറപ്പിതാവിന്റെ വികാരങ്ങൾക്ക് അഭിജ്ഞാനശാകുന്തളത്തിന്റെ ഭാഷ്യം നല്കട്ടെ.

പ്രതിവാദം നീയ മാനസ്യകേതോ
ചീനാംശുകം ഇവ
മമശരീരം പുരഃഗച്ഛതി
അസംസ്കൃതം ചേതഃ
പശ്ചാത് ധാവതി.

എന്റെ അപ്പാ,

സവിധേ നിന്നിവൾ പ്രാർത്ഥിക്കുന്നു.

പിതൃസ്നേഹത്തിൻ നിറവെനിക്കേകണേ

ഞാൻ കണ്ടു,

അങ്ങ് പിതൃസന്നിധിയിൽ നിന്നത്
മിഴികൾ ഈറനണിഞ്ഞത്
കണ്ഠം ഗദ്ഗദപൂർണ്ണമായത്
അധരം മെല്ലെ വിറച്ചത്
മേനിയിൽ വേപഥു നിറഞ്ഞത്
പ്രാർത്ഥിക്കും തനൂജയെ കൈവെടിയല്ലേ?
ദൈവപരിപാലനയുടെ ലാളിത്യവസ്ത്രം
ഞാനും ധരിച്ചു;
പിതാവിന്റെ സ്നേഹം പൈതൃകമായി എനിക്കും ലഭിച്ചു.
അറിഞ്ഞില്ല ഞാനും
എൻ സ്വർഗ്ഗതാതനെ
ആസ്വദിച്ചീടാൻ അധ്വാനിച്ചതില്ല
സുലളിതമാർഗ്ഗത്തിൽ നിലാവൊളി ചിന്നി
സുരപഥമന്ന് കാണാതെപോയി
പിതൃസ്നേഹത്തിൻ നിറകുംഭമായ്
ചാവറയച്ചാ നീ വരണേ
കാറ്റടിക്കുന്ന കടലോരയാത്രയിൽ
കാക്കുന്ന കാവലായ് അപ്പാ നീ വരണേ. ●●

"ഓ കർത്താവേ നിന്നോട് ഞങ്ങൾ ഒന്നാകുംവരെ ഞങ്ങളിൽനിന്ന് അകലല്ലേ."



# മാതൃഭക്തിയുടെ മാർഗ്ഗദീപം

2

ആത്മാവിന്റെ അദൃശ്യമായ വീണക്കമ്പികളിൽ സർവ്വേശ്വരന്റെ സൂക്ഷ്മകരങ്ങൾ സ്പർശിക്കുമ്പോൾ ഉളവാകുന്ന ശ്രവണാതീതമായ മധുരസംഗീതമാണ് നിശ്ശബ്ദതയുടെ സംഗീതമെങ്കിൽ, അതിന് ജപമണികളുടെ ഭാഷ്യം നല്കിയാൽ അത് ചാവറയച്ചന്റെ ജീവിതമായി. ചാവറയച്ചനിൽനിന്നു മരിയസ്തുതിയുടെ മധുരമന്ത്രണം മാനംമുട്ടെ ഉയർന്നുപൊങ്ങി; അത് ദൈവത്തിന്റെ അമ്മ – എന്റെയും അമ്മ എന്ന ധ്വനിയോടുകൂടിയായിരുന്നു. സ്വന്തം അമ്മയിൽ നിന്നാണ് ചാവറയച്ചന്റെ മനസ്സ് പരി. അമ്മയിലേക്ക് പറന്നുയർന്നത്.

“നിന്നുടെ നാഥാ മാതാവവൾക്കു ദാസൻനീയെ-
യെന്നിതു മനസ്സിതിലെപ്പോഴും സ്മരിക്കണം”

വെച്ചൂർ പള്ളിയിൽ മാതാവിന് അടിമവച്ച അവസരത്തിൽ പുരോഹിതൻ നല്കിയ ഉപദേശപ്രകാരം കൊച്ചുകുര്യാക്കോസിന്റെ അമ്മ ഈ വാക്കുകൾ മകനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. മാതൃഭക്തിയിൽ ആ കൊച്ചുഹൃദയം അടിയുറയ്ക്കാൻ അത് പര്യാപ്തമായി.

തന്നിൽ നിറഞ്ഞു കവിയുന്ന ദൈവമാതൃഭക്തിയുടെ സൗരഭ്യം അനേകായിരങ്ങൾക്ക് പകർന്നുനല്കുവാൻ അദ്ദേഹം ഉത്സുകനായിരുന്നു. മാതൃകകളാലും സംഭാഷണങ്ങളാലും സഹപാഠികളെ ദൈവ

മാതൃപാദത്തിലേക്ക് ആകർഷിക്കുന്നതു തന്റെ ചുമതലയായി കുര്യാക്കോസ് ശെമ്മാശ്ശൻ കരുതി. അനന്തരകാലങ്ങളിൽ തന്റെ പ്രസംഗങ്ങളാൽ വിശ്വാസികളെ സ്വർഗ്ഗീയരാജ്ഞിയുടെ പരമാർത്ഥഭക്തിയിൽ വളർത്തുന്നതിന് കുര്യാക്കോസച്ചൻ ബദ്ധശ്രദ്ധനായിരുന്നു. 'മേരിദാസൻ' എന്ന് സ്വയം വിശേഷിപ്പിച്ച അദ്ദേഹം അങ്ങനെ ആയിരിക്കുന്നതിൽ ആനന്ദവും അഭിമാനവും കണ്ടെത്തി, ആത്മാനുതാപത്തിലൂടെ പറഞ്ഞു –

'കരുണാനാഥൻപരൻ കരുതിയടിയനെ
പരമനാഥാ തന്റെയടിമയാക്കി മുന്നം'

വെച്ചൂർ പള്ളിയിലെ അടിമവയ്ക്കലാണ് ഇതിന് പശ്ചാത്തലമൊരുക്കുന്നത്. ആദ്ധ്യാത്മികജീവിതയാത്രയിൽ ദൈവമാതാവിനെ അടുത്തനുകരിക്കുവാൻ അദ്ദേഹം ഏറെ ശ്രമിച്ചു; ശ്രദ്ധിച്ചു. ആത്മാനുതാപരചനയിലെ മുഖ്യഉദ്ദേശ്യങ്ങളിലൊന്ന് അമ്മയുടെ അപദാനങ്ങൾ കീർത്തിക്കുക എന്നതായിരുന്നു. കാരണം മാതൃസംരക്ഷണം അദ്ദേഹത്തിന് അത്രയ്ക്ക് അനുഭവവേദ്യമായിരുന്നു. അദ്ദേഹം എഴുതി:

"മുന്നമേയെന്നെച്ചേർത്തു നിന്നുടെ ദാസനാക്കി
യന്നുനാൾ മുതൽ നീയും പാലിച്ചുരക്ഷിച്ചല്ലോ"

കാറ്റിലും കോളിലുംപെട്ട് ജീവിതനൗക ഉലയുമ്പോൾ വഴി പിശകുമ്പോൾ, സമുദ്രതാരം നമ്മെ ലക്ഷ്യത്തിൽ എത്തിക്കും എന്ന വിശ്വാസം ചാവറയച്ചനിൽ രൂഢമൂലമായിരുന്നു. ഈ വിശ്വാസം ഉറക്കെയുറക്കെ ഉദ്ഘോഷിക്കുവാൻ അദ്ദേഹം മടിച്ചില്ല.

"സമുദ്രമദ്ധ്യേ യാത്ര കഴിക്കുന്നതുനേരം
സമുദ്രതാരമമ്മ സമസ്തസൃഷ്ടിപ്പിന്നും."

ആത്മാനുതാപത്തിന്റെ അന്ത്യത്തിൽതന്നെയും തന്റെ എളിയ കാവ്യത്തെയും പരി. അമ്മയ്ക്കു കാഴ്ചയർപ്പിക്കുന്ന മനോഹരമായ കടശ്ശിയപേക്ഷകൾ കാണാം. 'ചാവറയച്ചൻ പറഞ്ഞ കഥകളിൽ' – വി. യാക്കോബ്ശ്ലീഹ തന്റെ മരണനേരത്ത് പരി. അമ്മയോട് അപേക്ഷിക്കുന്നത് ഇങ്ങനെയാണ്. 'അമ്മേ, നീ എനിക്ക് സഹായം ചെയ്യണം. ധൈര്യവും പകരണം. എന്റെ രക്തസാക്ഷിത്വസമയത്ത് എനിക്ക് കൂട്ടായിവരണം.' ഇതിനു സദൃശമായി കടശ്ശിയപേക്ഷയിൽ, മരണം തന്റെ ജീവിതത്തിൽ തിരശ്ശീല വീഴ്ത്തുമ്പോൾ അമ്മയുടെ

ദയനിറഞ്ഞ തിരുമുഖം തന്റെ കണ്ണുകൾക്കു ദൃശ്യമാകുവാനുള്ള ആഗ്രഹം ചാവറയച്ചനും പ്രകടിപ്പിക്കുന്നു.

"മരണമെന്ന തിരയിറക്കിൽ ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിനെ ദൃശ്യമാക്കുവാനപേക്ഷയും."

തന്റെ ശരണമായ അമ്മ തന്റെ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ച് നില്ക്കണമെന്ന അപേക്ഷയോടെയാണ് ആത്മാനുതാപം അവസാനിപ്പിക്കുന്നത്.

"തെളിവുസ്നേഹദയയിനാലേ പാർപ്പതിനു ദാസിമെ
അരുളിടേണമമ്മ നിന്റെ ശരണമെന്റെ ശിരസ്സതിൽ."

ദിവ്യസ്നേഹം നിക്ഷേപിക്കപ്പെട്ടിരിക്കുന്ന കനകകലവറയുടെ അധിപയായി മറിയത്തെ മാത്രമാണ് ദൈവം നിയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിനെ സമീപിക്കുവാനും അവിടുത്തെ പൂർണ്ണമായി കണ്ടെത്തുവാനുമുള്ള സുനിശ്ചിതവും പരിശുദ്ധവും സുഗമമവും ഋജുവുമായ മാർഗ്ഗവും മറിയംതന്നെ. ഈ മറിയത്തിലൂടെ മാത്രമേ, ക്രിസ്തുവിനെ പൂർണ്ണമായി അറിയുന്നതിനും ആർദ്രമായി സ്നേഹിക്കുന്നതിനും വിശ്വസ്തതയോടെ സേവിക്കുന്നതിനും നമുക്കു സാധിക്കൂ. ഇങ്ങനെയുള്ള പരി. അമ്മയെ തന്റെ അമ്മയായി ലഭിച്ചത് മഹാഭാഗ്യമായി ചാവറയച്ചൻ കരുതി. അദ്ദേഹം ആത്മാനുതാപത്തിലൂടെ ഉദ്ഘോഷിച്ചു:

"മേ ഭാഗ്യം മഹാഭാഗ്യം
മേ നാഥ മഹാനാഥ
സർവജ്ഞൻ സർവ്വേശ്വരൻ
നിന്നുടെ സ്നേഹപുത്രൻ
സർവ്വർക്കും മാതാവായി
നിന്നെത്തന്നിന്നിനിക്കും
പിന്നെയും മമതായിൽ
ബാഹുവാൽ തവപാദെ
എന്നെ നിൻ ദാസനായി
കൈക്കൊണ്ടു മേ ഭാഗ്യമായ്
വീണ്ടുമേ, ബാല്യത്തിങ്കൽ-
ഋഷധാരയിനു മദ്ധ്യാൽ

കൊണ്ടുഞാൻ നിന്റെ ദാസ്യം
റുസാരി സദാനാമാൽ
ഒടുക്കം മഹാഭാഗ്യാൽ
പൊടുക്കെന്നതുപ്പോലെ."

സ്വന്തം ജീവിതത്തിൽ താൻ നട്ടുവളർത്തി പരിപോഷിപ്പിച്ച മരിയഭക്തിയുടെ പ്രേഷിതനായി അദ്ദേഹം മാറി. താൻ മേരിദാസനാണെന്ന അവബോധമായിരിക്കണം 'അമലോത്ഭവ ദാസസംഘം' എന്ന സന്ന്യാസസമൂഹം രൂപീകരിക്കാൻ അദ്ദേഹത്തിന് പ്രചോദനമായത്. ആ സഭ പിന്നീട് കർമ്മലമാതാവിന്റെ സന്ന്യാസസമൂഹമായി പരിണമിച്ചപ്പോൾ ചാവറയച്ചൻ പറഞ്ഞ വാക്കുകൾ ശ്രദ്ധാർഹമാണ്: "പ്രിയമുള്ള കുഞ്ഞുങ്ങളേ, നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ, ഇത് ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന് ഇതു കടലാസ് എന്നു കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു." മലയാളത്തിൽ പെൺപൈതങ്ങൾക്കായുള്ള ആദ്യസന്ന്യാസസമൂഹത്തിന്റെ സഹസ്ഥാപകനായതും ദൈവമാതാവിന്റെ വിശേഷകൃപയാൽത്തന്നെയെന്നു ദൃഢം.

ചാവറയച്ചനും ലെയോപ്പോൾ ദച്ചനും എന്തോ വലിയ ഒരനർത്ഥം ഉണ്ടായപ്പോൾ അവർ കന്യാസ്ത്രീകളെക്കൊണ്ട് – മൂന്നു രാജകന്യക, മൂന്ന് എത്രയും ദയയുള്ള മാതാവേ..., എന്നിവ ചൊല്ലി അപേക്ഷിക്കുവാൻ ആവശ്യപ്പെട്ടു. ഇതേപ്പറ്റി ചാവറയച്ചൻ പറയുന്നത് "മലപോലെ വന്ന കാര്യം പൂപോലെയായി" എന്നാണ്.

ഒരു കൊങ്ങിണിസ്ത്രീ മാതാവിന്റെ അത്ഭുതത്താൽ ക്രിസ്തുമതം സ്വീകരിച്ച സംഭവം 'ദൈവമാതാവിന്റെ വിശേഷപ്രത്യക്ഷം' എന്ന് വിശേഷിപ്പിച്ചുകൊണ്ട്, പാപികളുടെ മാനസാന്തരത്തിന് മരിയഭക്തി കാരണമാകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഈ മരിയഭക്തിയുടെ പൂർത്തീകരണമെന്ന നിലയിൽ നവനാൾ ജപങ്ങളും മെയ്മാസഭക്തി, വ്യാകുലഭക്തി, അമലോത്ഭവഭക്തി, ജപമാലഭക്തി തുടങ്ങിയവയും പ്രചരിപ്പിക്കാൻ ശ്രദ്ധിച്ചു. ചുരുക്കത്തിൽ, 'മാതാവിന്റെ നാമത്തിൽ വല വീശിയാറെ പഴുതെ വലിച്ചില്ല' എന്ന പ്രസ്താവനയുടെ പ്രതീകമായിത്തീർന്ന വ്യക്തിയാണ് വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഈ മരിയൻ സിദ്ധിയാണ് നമ്മുടെ പൈതൃകം.

അമ്മിഞ്ഞപ്പാലിന്റെ
സ്വാദറിയാത്തവർ
മാതൃസ്നേഹത്തിന്റെ രുചിയറിയില്ല
അമ്മയിൽ നിന്ന് ഉയർന്നുപൊങ്ങി
പരി. അമ്മയിൽ കൂട്ടുകെട്ടി
ശ്വാസമോ ജപമണികൾ തൻ മന്ത്രണം
ജീവനോ മരിയസ്തുതി കീർത്തനം
ഇതാണെന്റപ്പന്റെ ജീവനാഡി-
ഇതാണെന്റപ്പന്റെ ആനന്ദവും
കണ്ടു ഞാൻ അപ്പനിൽ മാതൃഭക്തനെ,
മാതൃസ്നേഹത്തിൻ
സ്തുതിപാഠകനെ
അമ്മയെ സ്നേഹിക്കാൻ വരമേകൂ അപ്പാ
സ്തന്യത്തിൻ രുചിയറിയാൻ കൃപയേകൂ
മാതൃഗന്ധം നുകർന്നുനുകർന്നു
മാതൃസ്നേഹത്തിൻ സുഗന്ധമാകട്ടെ ഞാൻ. ●●

"വി.കുർബാന കൈക്കൊണ്ട് കർത്താവിന്റെ സ്നേഹത്തെ ഓർക്കുക"



# ദിവ്യകാരുണ്യദാസൻ 3

"ദൈവാനുഭവത്തിൽ ലയിച്ച് ദിവ്യകാരുണ്യനാഥന്റെ മുമ്പാകെ ധ്യാനലീനനായിരിക്കുന്ന വേളകളിൽ ദൈവജനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള തന്റെ നിഗൂഢമായ വഴികൾ ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തി." (സി.എം.സി. പ്രമാണരേഖ നമ്പർ 4) വാ. ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ദിവ്യകാരുണ്യമെന്നത് തന്റെ ജീവിതത്തെ മുഴുവൻ ദഹിപ്പിക്കുന്ന ദിവ്യജ്വാലയാണ്. കവി പാടിയതുപോലെ,

"ജീവിതം ദഹിപ്പിക്കും ജ്വാലയായിരുന്നുവോ
ജ്വാലയിൽ ദഹിക്കുന്ന ജീവനായിരുന്നുവോ."

ദിവ്യകാരുണ്യമാകുന്ന ജ്വാലയിൽ ദഹിച്ച ആ ജീവിതം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രഭാപൂരമായി.

പഴയനിയമത്തിന്റെ ഏടുകളിൽ നാമൊരു മലയെ കാണുന്നുണ്ട് – "മോറിയ." അവിടെയാണ് അബ്രാഹം തന്റെ പുത്രനെ ബലിയർപ്പിക്കാൻ ഒരുങ്ങിയത്. അബ്രാഹം ആ മലയ്ക്ക് 'യാഹ്വെയിരെ' എന്നു പേരിട്ടു. അതിന്റെ അർത്ഥം 'കർത്താവ് എല്ലാം പ്രദാനം ചെയ്യും' എന്നാണ്. തന്റെ പുത്രനുപകരം കുഞ്ഞാടിനെ നല്കിയ ദൈവം, തന്റെ ദൈവഭയത്തിനു മുമ്പിൽ സംപ്രീതനായ ദൈവം, തന്റെ വിശ്വാസത്തിനു പ്രതിഫലമായി അനുഗ്രഹത്തിന്റെ നിർഝരിയൊഴുക്കിയ

ദൈവം; ആ ദൈവത്തെ അബ്രാഹം അവിടെ കണ്ടു. എന്നാൽ നാമിന്ന് ദൈവത്തെ കാണുന്നത് ദിവ്യകാരുണ്യത്തിലാണ്. ദിവ്യകാരുണ്യം പുതിയനിയമജനതയ്ക്ക് യാഹ്‌വെയിരെ'യാകുന്നു. ഇതിന്റെ ആഴവും അർത്ഥവും രുചിയും ഗന്ധവും നന്നായി അറിഞ്ഞവനാണ് വാ. ചാവറയച്ചൻ. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യനാഥന്റെ സന്നിധേ നില്ക്കുമ്പോൾ, നിത്യനിർവൃതിയിൽ ആ ആത്മാവ് ലയിച്ചിരുന്നു. ദിവ്യ കാരുണ്യത്തിൽ അദ്ദേഹം കണ്ടത് എന്താണ്?

'ബെത്‌ലഹേമിലെ പുൽത്തൊട്ടിയിൽ ശയിക്കുന്ന പിഞ്ചുശരീരം; ഹേറോദേസിനെ ഭയന്ന് ഈജിപ്തിലേക്ക് ഒളിച്ചോടിയ യൗസേപ്പും മേരിയും സംവഹിച്ച ദിവ്യഉണ്ണിയുടെ ശരീരം; മുപ്പത് നീണ്ട സംവത്സരം കഠിനാദ്ധ്വാനത്തിലൂടെ ക്ഷീണിതമായ ശരീരം; പാലസ്തീനായിലും യൂദയായിലും സമറിയായിലും പിതാവിന്റെ വചനം പ്രഘോഷിച്ചു നടന്ന ദൈവപുത്രന്റെ ശരീരം; സെഹിയോൻ ഊട്ടുശാലയിൽ ശിഷ്യന്മാരുടെ പാദങ്ങളിൽ താണുവീണ് പാദക്ഷാളനം നടത്തിയ ശരീരം; ഗത്സെമിനിയിലെ ഏകാന്തരാത്രിയിൽ ആന്തരികസംഘർഷത്താൽ രക്തം വിയർത്ത ശരീരം; കൽത്തൂണിൽ കെട്ടപ്പെട്ട് ആറായിരത്തോളം അടികളേറ്റ് വിണ്ടുകീറിയ ശരീരം; മുൾമുടി ധരിപ്പിക്കപ്പെട്ട് പരിഹാസരാജാവായി അധിക്ഷേപിക്കപ്പെട്ട മുഖം; ഭാരമേറിയ കുരിശുമേന്തി ഇടറിവീണ് ഇഴഞ്ഞുനീങ്ങിയ തിരുശരീരം; കാൽവരിയിൽ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ട ശരീരം; 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞ് ശിഷ്യർക്കുമുമ്പിൽ പ്രത്യക്ഷപ്പെട്ട ഉത്ഥിതന്റെ ശരീരം.'

ഈ ദിവ്യശരീരത്തിന്റെ മുഴുവൻ ശോഭയും ആത്മാവിന്റെ അകത്തളങ്ങളിൽ കുടിയിരുത്തിയ വാ. ചാവറയച്ചൻ ആത്മാനുതാപത്തിലൂടെ പറഞ്ഞു.

> "എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
> ഏകാന്തപ്രേമത്താൽ പാർക്കുന്നഹം"

തന്റെയുള്ളിലെ ഈശ്വരസാന്നിധ്യത്തിന്റെ നിറവ് സഹജരിലെ ദൈവത്തെ കാണാൻ ചാവറയച്ചനെ പര്യാപ്തനാക്കി. വി. കുർബ്ബാനയുടെ മുമ്പിൽ ധ്യാനനിരതനായി, ഭക്തിപരവശനായി, സ്ഥലകാലവിസ്മൃതിയിലാണ്ട്, അശ്രുധാരയിൽ മുഴുകിനില്ക്കുന്ന ഈശ്വരോപാസകനെ കാണുന്ന നാം അടുത്ത നിമിഷത്തിൽ കണ്ടുമുട്ടുന്നത് എല്ലാ നിലകളിലുമുള്ള എല്ലാത്തരക്കാരുമായ മനുഷ്യരുടെ മദ്ധ്യേ ബഹു

കാര്യവ്യഗ്രനായി നില്ക്കുന്ന ജനസേവകനെയാണ്. ഭക്തിതീക്ഷ്ണത എത്രമാത്രം അദ്ദേഹത്തെ ദൈവത്തോടടുപ്പിച്ചുവോ, അത്രമാത്രം ഉപവിയുടെ ബലിഷ്ഠമായ ശൃംഖല അദ്ദേഹത്തെ മനുഷ്യരോടു ബന്ധിപ്പിച്ചിരുന്നു.'

ധൂർത്തപുത്രന്റെ മനോഭാവത്തോടെയാണ് ദിവ്യകാരുണ്യ സന്നിധിയിലേക്ക് ചാവറയച്ചൻ കടന്നുവന്നിരുന്നത്. ആ ഹൃദയം മന്ത്രിച്ചു: 'ഹ,! മനോഗുണമേ', 'ഹാ! സ്നേഹമേ', 'ഹാ! അനുഗ്രഹമേ', 'ഹാ! ക്ഷമയുടെ ആഴമേ', ദൈവസ്നേഹത്തിന്റെ നിമന്ത്രണങ്ങൾ മാത്രം നെടുവീർപ്പുകളായി ഉയർന്ന ചാവറയച്ചൻ സിസ്റ്റേഴ്സിനോടു പറഞ്ഞു: 'അപ്പഴോ, എപ്പഴും തന്നെയല്ലാതെ മറ്റു സ്നേഹംനിങ്ങൾക്കുണ്ടോ എന്നും എന്തു നിങ്ങൾക്കാവശ്യം എന്നും എപ്പഴും നിങ്ങളുടെ കൂടെ അകത്തും പുറത്തും സൂക്ഷിച്ചു നടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മാധുര്യമുള്ളതെന്നു മോർക്കുവിൻ." ദിവ്യകാരുണ്യനാഥനോടുള്ള ഭക്തി പിഞ്ചുകുഞ്ഞായിരിക്കെത്തന്നെ ചാവറയച്ചനിൽ അങ്കുരിച്ചിരുന്നു. പിഞ്ചിളം കൈകൊണ്ട് തക്സ ഉയർത്താൻ കഷ്ടപ്പെട്ടാലും അത് ദൈവസ്നേഹത്തിന്റെ പ്രവൃത്തിയായി അന്നേ തോന്നിയതിനാൽ, അക്കാലത്തു തന്നെ ദിവ്യപൂജയിലെ സഹായിയുടെ ഭാഗമത്രയും മനഃപാഠമാക്കിയിരുന്നു. പൗരോഹിത്യം സ്വീകരിച്ചശേഷം ദിവ്യകാരുണ്യഭക്തി ഈ ദൈവോപാസകന്റെ ഒരു നിരന്തര സാധനയായി മാറി. ദിവ്യബലിയർപ്പണത്തിന് അണയുമ്പോൾ തുടങ്ങി അവസാനിക്കുന്നതുവരെ അദ്ദേഹത്തിൽ അടിക്കടി പ്രവൃദ്ധമായിക്കൊണ്ടിരുന്ന ഭക്തിപ്രകർഷം അന്യാദൃശമായിരുന്നു. 'ദിവ്യകാരുണ്യത്തിന്റെ ശക്തി ലോകത്തിൽ വേണ്ടപോലെ അറിയപ്പെട്ടാൽ, ലോകത്തിന്റെ ഗതി തീർച്ചയായും നന്മയിലേക്കു മാറി വീഴും' എന്ന ഫാ. ഫേബിന്റെ പ്രസ്താവ്യം ചാവറയച്ചനെ സർവ്വദാ ഗ്രസിച്ചിരുന്ന ചിന്താഗതിയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതം വ്യക്തമാക്കുന്നു.

"ജ്വലിക്കുന്ന മനസ്സുകളിൽ" നമ്മുടെ രാഷ്ട്രപതി പറഞ്ഞല്ലോ: 'സ്വപ്നം കാണുക, സ്വപ്നം കാണുക, സ്വപ്നം കാണുക. സ്വപ്നങ്ങൾ ചിന്തകളായി മാറും. 'ചിന്തകൾ പ്രവൃത്തിയിലേക്കു നയിക്കും' എന്ന്. ഇതാണ് ചാവറയച്ചനിൽ ഒരു വിശുദ്ധനെ രൂപപ്പെടുത്തിയ വസ്തുതയും. അദ്ദേഹം ദിവ്യകാരുണ്യത്തെ സ്വപ്നം കണ്ടു. ദൈവസ്നേഹത്തെപ്പറ്റി ചിന്തിച്ചു. അത് പരസ്നേഹപ്രവൃത്തിയിലേക്കു നയിച്ചു. അദ്ദേഹത്തിന്റെ ഓരോ ശ്വാസത്തിലും ടാഗോറിന്റെ പ്രാർത്ഥന

കൾ ആവർത്തിക്കപ്പെട്ടിരിക്കാം.

"എനിക്ക് അങ്ങയെ മതി;
അങ്ങയെ മാത്രം മതി."

ഞാൻ കണ്ടു,
ഇമവെട്ടാത്ത മിഴികൾ
ചലനമറ്റ അധരങ്ങൾ
നിർവൃതിയടഞ്ഞ ആത്മാവ്
നിശ്ചേഷ്ടമായ ശരീരം
ഇതാണ് ദിവ്യകാരുണ്യ സന്നിധിയിലെ എന്റെ അപ്പൻ
മാത്രകൾ പറന്നുപോയി; മണിക്കൂറുകൾ അടർന്നുവീണു
അറിഞ്ഞില്ല അപ്പൻ
സ്കാപ്പുലർ മുത്തി കടന്നുപോയവരെ
അപ്പാ, അറിയുന്നു ഞാൻ-
പൈതൃകം നേടാത്ത പുത്രി
പേടിച്ച പേടമാൻ മിഴികളോടെ
ചേഷ്ടകളേറും മേനിയോടെ
ചഞ്ചലമാകും മനസ്സോടെ
നിന്ന നിമിഷങ്ങൾ ഏറെയേറെ
"ജ്വലിക്കും മഹാദൃശ്യം മുമ്പിലല്ലോ
അടുത്തുചെന്നൊന്ന് കാണട്ടെ ഞാൻ"
സംതൃപ്തിയില്ലാത്ത ഹൃത്തുമായി
ഇളയിലലഞ്ഞതു നിർത്തിടട്ടെ. ●●

നല്ല ക്രിസ്ത്യാനിക്കുടുംബം
ആകാശമോക്ഷത്തിന്റെ സാദൃശ്യ
മത്രേ



# സമുദ്ധാരകനായ കർമ്മലദീപം

## II

മഹത്തായ സേവനങ്ങളുടെ സമാഹാരമാണ് ചാവറയച്ചന്റെ ജീവിതം. ഉജ്ജ്വലമായ ദൈവസ്നേഹവും നിസ്വാർത്ഥമായ മനുഷ്യ സ്നേഹവും ഊടും പാവുമായി നിന്ന ജീവിതം. ക്രിസ്തീയസമൂഹ ത്തിന്റെ സമഗ്ര ഉദ്ധാരണമായിരുന്നു ആ ജീവിതലക്ഷ്യം. അതിന് സമീ ചീനമായി സ്വീകരിച്ച മാർഗ്ഗങ്ങളാണ് സെമിനാരിയുടെയും മഠങ്ങളു ടെയും സ്ഥാപനം. കൂടാതെ, ഹരിജനോദ്ധാരണവും സാധുജനസേ വനവും തന്റെ ദൗത്യമായി അദ്ദേഹം കരുതി. കേരളജനതയുടെ ആദ്ധ്യാത്മികനവോത്ഥാനത്തിനു വേണ്ടി പല സ്ഥാപനങ്ങളും പ്രസി ദ്ധീകരണങ്ങളും അദ്ദേഹം ആരംഭിച്ചു. മാനസാന്തരവേല, പുനരൈ ക്യപ്രസ്ഥാനം, ക്രിസ്ത്വനുഭവം പങ്കുവയ്ക്കൽ, സാമൂഹികപ്രവർത്തനം എന്നിവയെല്ലാം ചാവറയച്ചനിൽ കാണുന്ന ആദ്ധ്യാത്മികശക്തിയുടെ പ്രവർത്തനങ്ങളാണ്.

ആദ്ധ്യാത്മികതയുടെ ആഴമുള്ള അനുഭവങ്ങളാർജ്ജിച്ച് സമ ഗ്രനവോത്ഥാനത്തിലൂടെ ജനസേവനത്തിനു സ്വയം അർപ്പിക്കുവാൻ ചാവറയച്ചനു സാധിച്ചു. തനിക്ക് ഈശ്വരദത്തമായിട്ടുള്ള വിശിഷ്ട സിദ്ധികൾ തന്റെ സഹോദരങ്ങളായ ഇതര മനുഷ്യരുടെ നന്മയ്ക്കും മോചനത്തിനും വേണ്ടി വിനിയോഗിക്കുക എന്നതായിരുന്നു അദ്ദേഹ ത്തിന്റെ ജീവിതാദർശം. സഹോദരസ്നേഹപ്രേരിതമായ സാമൂ ഹികസേവനം സ്രഷ്ടാവായ ദൈവത്തോടുള്ള കൃതജ്ഞതാപ്രകടന മായി പകർത്തി. ചാവറയച്ചനിൽ ഈശ്വരോപാസനയും മനുഷ്യസേ

വനവും രണ്ടായിരുന്നില്ല. ഈശ്വരോപാസനയിൽനിന്നു മനുഷ്യസേവനത്തിനുള്ള കരുത്ത് അദ്ദേഹം ആർജ്ജിച്ചു. മനുഷ്യസേവനത്തിലൂടെ ഈശ്വരോപാസന പൂർത്തിയാക്കി. ബലഹീനമുക്തനല്ലാത്ത, ക്ഷതമേറ്റ മനുഷ്യനെ രക്ഷിച്ചെടുക്കുമ്പോൾ, സ്നേഹിക്കുമ്പോൾ, മുഴുവൻ ആത്മാവോടും ശക്തിയോടും മനസ്സോടുംകൂടി ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ചാവറയച്ചൻ ധൈര്യമായി പറയുന്നു. ദൈവത്തെ സ്നേഹിക്കുന്ന മനുഷ്യന് സഹോദരനുവേണ്ടിയുള്ള മനോഗുണപ്രവൃത്തികളിൽനിന്ന് ഒരുനാളും മാറി ജീവിക്കാൻ സാധിക്കുകയില്ല - ചാവറയച്ചന്റെ സാമൂഹികപ്രവർത്തനങ്ങളുടെ അടിസ്ഥാനദർശനമാണിത്.

ജാതിചിന്ത, അയിത്തം തുടങ്ങിയവ സമൂഹത്തിൽനിന്നു തുടച്ചുനീക്കി, വർഗ്ഗവ്യത്യാസമില്ലാത്ത, സമത്വസുന്ദരമായ ഒരു സാമൂഹിക നീതി സാധിതമാക്കുവാൻ ചാവറയച്ചൻ പ്രതിജ്ഞയെടുത്തു. അധഃകൃതരായി മാറ്റിനിർത്തിയിരുന്ന താഴ്ന്ന ജാതിക്കാർ മാന്നാനം കുന്നിൽ കാടുവെട്ടിത്തെളിക്കാനും തോടുവെട്ടാനും വന്നപ്പോൾ ചാവറയച്ചൻ അവരോട് സൗഹൃദമനോഭാവം പുലർത്തുകയും കുശലസംഭാഷണത്തിലേർപ്പെടുകയും ചെയ്തു. അദ്ദേഹത്തിനും പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നു. പാട്ടക്കുടിശ്ശിക ഈടാക്കാൻ പരിശ്രമിച്ചപ്പോൾ ഒരു പാട്ടക്കാരൻ ചാവറയച്ചന്റെ പേരിൽ കള്ളക്കേസ് കൊടുത്തു. കേസു കോടതി തള്ളി. സത്യസന്ധനും നീതിനിഷ്ഠനുമായ ചാവറയച്ചനെ കോടതികയറ്റിയതിൽ ജനം കള്ളക്കേസ്സുകാരനെ എതിർത്തു. എന്നാൽ ഈ കള്ളക്കേസുകാരനോട് എല്ലാം മറക്കണമെന്നും മരണംവരെ അയാൾക്ക് ഉപകാരം ചെയ്യണമെന്നും തന്റെ മരണശാസനത്തിൽ ചാവറയച്ചൻ എഴുതിവച്ചു. വേറൊരവസരത്തിൽ മീനച്ചിൽ തഹസീൽദാർ, ചിലരുടെ അപവാദങ്ങളെക്കുറിച്ച് നേരിട്ടറിയുവാൻ ചാവറയച്ചനുമായി സംസാരിച്ചു. അതുകഴിഞ്ഞ്, ആവലാതിക്കാരെ ശകാരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ആ ദൈവികമനുഷ്യന് എതിരായി സംസാരിച്ചവർ മഹാദുഷ്ടരാണ്.'

ആഞ്ഞടിച്ചാൽ കുതിച്ചുപായുന്ന റബ്ബർപ്പന്തുപോലെ പ്രതികൂലങ്ങൾ ചാവറയച്ചനിലെ ദൈവസ്നേഹത്തെ തിളച്ചുപൊക്കി. വിദേശനാണ്യംകൊണ്ട് സമൂഹത്തിന്റെ വിശപ്പടക്കാൻ ശ്രമിക്കാതെ, സ്വന്തമായുള്ളതിൽ നിന്ന് സഹജന്റെ അരവയർ നിറയ്ക്കാൻ ശ്രമിക്കണമെന്ന് ചാവറയച്ചൻ ഉദ്ബോധിപ്പിച്ചു. ചാവറയച്ചന്റെ സാമൂഹിക പ്രവർത്തനങ്ങളുടെ അടിസ്ഥാനം 'ദൈവം മനുഷ്യനെ സ്നേഹി

ക്കുന്നു' എന്നതായിരുന്നു. ദൈവം സ്നേഹിച്ച മനുഷ്യരെ ചാവറയും സ്നേഹിച്ചു – ജീവജലവും ജീവനും നല്കി, ദേഹവും ദേഹിയും സമർപ്പിച്ച്, ഓരോ ശ്വാസത്തിനും പ്രാർത്ഥനാമന്ത്രങ്ങളുടെ പശ്ചാത്തലഗീതമൊരുക്കി സ്നേഹിച്ചു. നന്മ ചെയ്ത് കടന്നുപോയ യേശുവിനെപ്പോലെ, അനന്തനന്മയിൽ ആത്മാവു ലയിപ്പിച്ച്, ലോകനന്മയിൽ മനസ്സുവ്യാപരിപ്പിച്ച്, സഹോദരനന്മയിൽ പാദങ്ങൾ വിന്യസിപ്പിച്ച് – എന്നും എക്കാലവും സാമൂഹികപ്രവർത്തനങ്ങളുടെ മാതൃകാസ്തംഭമായി ചാവറയച്ചൻ നില്ക്കുന്നു. ഒരു ദൈവികമനുഷ്യനായി ദൈവത്തിലേക്ക് മനുഷ്യനെ ആനയിച്ച ഒരു ആദ്ധ്യാത്മികനേതാവായി ചാവറയച്ചനെ മനസ്സിലാക്കാത്തിടത്തോളംകാലം അദ്ദേഹത്തിന്റെ യഥാർത്ഥ വ്യക്തിത്വവൈശിഷ്ട്യം നാം മനസ്സിലാക്കിയെന്നു വരില്ല. ●●

> കന്യക മമ മാതേ, ഞങ്ങളെ ശരണം നീ
> മങ്കളാം മനോഹരേ, കന്യേ നീ മറക്കുമോ
> നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ
> എന്റെ ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയ
> ത്തിൽ ഞാൻ വച്ചിരിക്കുന്നു. നീ എഴുന്നെള്ളിയിരി
> ക്കണമെ.



# 1 തിരുസ്സഭാ സമുദ്ധാരകൻ

"കേസരി രാജൻ നീ
നിന്നുടെ സുമതം
കേരളമൊക്കെയും
കാണാകേണം."

ഉള്ളിൽ ജ്വലിച്ച ഈ അടങ്ങാത്ത ദാഹം ചാവറയച്ചനെ തിരുസ്സഭാസമുദ്ധാരകനാക്കി. അന്തര്യാമിയായ ആ വിപ്ലവകാരിക്ക് ക്രിസ്തുവിന്റെ മൗതികശരീരത്തെ പടുത്തുയർത്തുക എന്നത് ജീവിതലക്ഷ്യമായിത്തീർന്നു. സി.എം.ഐ. സഭയുടെ 'വലിയ പ്രിയോരച്ച'നും കേരളസഭയുടെ 'വികാരി ജനറാളു'മായുള്ള ചാവറയച്ചന്റെ ജീവിതം ഈ ലക്ഷ്യത്തിന് അനുഗുണവുമായിരുന്നു. റോക്കോസ് ശീശ്മയുടെ കരാളഹസ്തങ്ങളിൽനിന്നു കേരളസഭയെ വിമുക്തയാക്കുക എന്നതായിരുന്നു വികാരി ജനറാൾ എന്ന നിലയിൽ ചാവറയച്ചന്റെ പ്രഥമകർത്തവ്യം. ബാബേലിൽനിന്നുള്ള മേലദ്ധ്യക്ഷന്മാരെ പാർത്തിരുന്ന ഒരു വിഭാഗം ജനങ്ങൾ അന്ന് കേരളസഭയിലുണ്ടായിരുന്നു. തദവസരത്തിലാണ് തോമസ് റോക്കോസ് എന്നു പേരായ മെത്രാൻ കേരളത്തിൽ വന്നുചേർന്നത്. ആവേശപൂർവ്വമായ സ്വാഗതമാണ് അദ്ദേഹത്തിനു ലഭിച്ചതെന്നു മാത്രമല്ല, ഒരു വലിയഭാഗം അൽമായരും വൈദികരും ചില മല്പാന്മാർപോലും അദ്ദേഹത്തിന്റെ പക്ഷം ചേർന്നു. എന്നാൽ, മാർപാപ്പയുടെ അനുമതിയോടും അനുഗ്രഹാശ്ശിസുകളോടും കൂടിയല്ല റോക്കോസ് മലങ്കരയിൽ വന്നിറങ്ങിയത് എന്ന വസ്തുത അസന്നി

ദ്ധമായും അവിതർക്കിതമായും അദ്ദേഹം തെളിയിച്ചു. ദൈവാനുഗ്രഹവും മനുഷ്യപ്രയത്നവും ഒന്നിച്ചുയർന്നപ്പോൾ റോക്കോസ് എന്ന മഞ്ഞുതുള്ളി അലിഞ്ഞുപോയെന്നുപറയാം. ശീശ്മ ഒരുവിധത്തിൽ പര്യവസാനിച്ചെങ്കിലും അതിൽനിന്നുളവായ നാനാതരം പ്രശ്നങ്ങൾ സഭാഗാത്രത്തെ വികൃതമാക്കിക്കൊണ്ടിരുന്നു. അധികാരനിഷേധവും മതപരമായ മാന്ദ്യവും അച്ചടക്കരാഹിത്യവും വിരുദ്ധനേതൃത്വവും സഭയിലുടനീളം തലപൊക്കിയിരുന്നു. ഈ സ്ഥിതി പരിഹരിക്കുവാൻ ചാവറയച്ചൻ അക്ഷീണം യത്നിച്ചു.

ജനങ്ങളുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനും സുസ്ഥിതിക്കും സുശിക്ഷിതമായ വൈദികസമൂഹമാണ് ആവശ്യമെന്ന് ആ ക്രാന്തദർശി മനസ്സിലാക്കി. ജനങ്ങൾ പ്രാർത്ഥനോന്മുഖരാകണമെങ്കിൽ പ്രാർത്ഥനാനിരതരായ വൈദികർ വേണം. അതിനുവേണ്ടി വൈദിക ശിക്ഷണം കർക്കശമാക്കി. പ്രാർത്ഥിക്കുന്ന കുടുംബങ്ങളിൽനിന്നു ദൈവവിളികൾ അണപൊട്ടിയൊഴുകിയപ്പോൾ വൈദികവിദ്യാഭ്യാസം എല്ലായിടത്തും സംലഭ്യമാക്കേണ്ടത് അനിവാര്യമായി വന്നു. അതിനാൽ മാന്നാനം സെമിനാരിക്കു പുറമേ, വാഴക്കുളം, എൽത്തുരുത്ത് മുതലായ സ്ഥലങ്ങളിലെ കൊവേന്തകളോടനുബന്ധിച്ച് സെമിനാരികൾ സ്ഥാപിച്ചു. ആരാധനാപരിഷ്കാരത്തിനായി ദിവ്യബലി, വൈദികരുടെ കാനോനനമസ്കാരം, മൃതസംസ്കാരശുശ്രൂഷ, ദുഃഖശനിയാഴ്ചക്രമങ്ങൾ എന്നിവയ്ക്ക് നിയതമായ രീതികൾ ഉണ്ടാക്കി. നാല്പതുമണിആരാധന, ഞായറാഴ്ച കുർബ്ബാനയോടനുബന്ധിച്ചുള്ള പ്രസംഗം എന്നിവയുടെ തുടക്കവും ചാവറയച്ചനിൽത്തന്നെയായിരുന്നു. ആ പ്രസംഗപടുവിന്റെ വാക്ധോരണി അലടയിക്കാത്ത ക്രൈസ്തവദേവാലയങ്ങൾ അക്കാലത്ത് വിരളമായിരുന്നു. "ഇവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ സിംഹമായിരിക്കും" എന്നുള്ള പാലയ്ക്കൽ തോമ്മാ മല്പാന്റെ പ്രവചനം ചാവറയച്ചനിൽ അന്വർത്ഥമായി.

വൈജ്ഞാനികമേഖലയുടെ നവോത്ഥാനം ആത്മീയജീവിതനവോത്ഥാനത്തിന് നിദാനമാകുമെന്ന് ചാവറയച്ചൻ മനസ്സിലാക്കി. അതിനുവേണ്ടി തിരുവനന്തപുരത്തുള്ള ഗവൺമെന്റ് പ്രസ്സിൽനിന്ന് അച്ചുകൂടത്തിന്റെ മാതൃക കണ്ടു മനസ്സിലാക്കുകയും മാന്നാനത്തുവന്ന് അത് വാഴപ്പിണ്ടിയിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്ത ആ കൂർമ്മബുദ്ധി പ്രശംസനീയംതന്നെ. ആ മാതൃകയിൽനിന്ന് ആശാരിമാർ 'മരപ്രസ്സ്' മെനഞ്ഞപ്പോൾ അത് വലിയൊരു സംരംഭമായി. അതിന്റെ നായകൻ ചാവറയച്ചനുമായി. ഇന്നാകട്ടെ, പഴമയുടെ ഓർമ്മയായി, ആ 'മരപ്രസ്സ്'

നിലകൊള്ളുന്നു. പ്രാർത്ഥനയ്ക്കുള്ള അടിസ്ഥാനപരിശീലനം കുടുംബങ്ങളിൽ നിന്നു ലഭിക്കേണ്ടതിന് പ്രാർത്ഥനാപ്പുസ്തകങ്ങൾ അനിവാര്യമാണെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയിരുന്നു. അന്നത്തെ പ്രസ്സുടമകൾ പ്രാർത്ഥനാപ്പുസ്തകങ്ങൾ അച്ചടിക്കുന്നതിന് വൈമുഖ്യം പ്രകടിപ്പിച്ചപ്പോൾ, അദ്ദേഹം തന്റെ മരപ്രസ്സിലൂടെ ദൈവസ്നേഹഗീതിക്ക് അക്ഷരവസ്ത്രം നല്കി. അച്ചുകൂടനിർമ്മിതിയുടെ നിഗൂഢലക്ഷ്യവും ഇതുതന്നെയായിരുന്നു. "ജ്ഞാനപിയൂഷം, ദിവ്യമാതൃക" എന്നീ ഗ്രന്ഥങ്ങളാണ് മാന്നാനം പ്രസ്സിൽനിന്ന് ആദ്യമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയത്. ദിവ്യമാതൃക, ജ്ഞാനപ്രജാഗകരം, ഗൃഹസ്ഥധർമ്മോദ്യാനം, ജ്ഞാനനവരത്നം എന്നിവയുടെ രചയിതാവും ചാവറയച്ചൻതന്നെയാണ്. 'നിത്യാരാധന' എന്ന പ്രാർത്ഥനാഗ്രന്ഥം ജനങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിന് വളരെയധികം പ്രചോദനമായി.

ശൂദ്രനു വിദ്യയെന്നതുപോലെ പിന്നോക്കവർഗ്ഗക്കാർക്കും വിദ്യ അന്യമാണെന്ന് ചാവറയച്ചൻ മനസ്സിലാക്കി. വിദ്യാലയമുറ്റത്തിന്റെ വിശാലതയ്ക്ക് വിഭാഗീയചിന്ത വിലങ്ങുവച്ചിരിക്കുന്നതായി അദ്ദേഹം കണ്ടു. അക്ഷരത്തിന്റെ ആദ്യമന്ത്രംപോലും അറിയാതെ അജ്ഞതയുടെ അന്ധകാരത്തിൽ ആമഗ്നരായി കഴിയുന്ന പറയരെയും പുലയരെയും ആ കർമ്മയോഗി തന്റെ മനസ്സിൽ കുടിയിരുത്തി. വിദ്യനേടാൻ വിഘ്നമായി നിന്നത് അസ്പർശ്യത എന്ന ദുർഭൂതമായിരുന്നു. അതിനാൽ മാന്നാനം, ആർപ്പൂക്കര, എടത്വാ, പുളിങ്കുന്ന്, കൈനകരി എന്നിവിടങ്ങളിലെല്ലാം പിന്നോക്കവർഗ്ഗക്കാർക്കു പ്രവേശനം അനുവദിക്കുന്ന വിദ്യാലയങ്ങൾ സ്ഥാപിച്ചു. സ്കൂൾ നടത്തിപ്പിനായി ഒരു സ്ഥിരം വരുമാനമുണ്ടാക്കുവാൻ പലരുടേയും സഹായത്തോടെ പതിനേഴു പറയ്ക്ക് പുഞ്ചനിലം വാങ്ങി. ഇതിന്റെ ആദായത്തിൽനിന്ന് അധ്യാപകർക്ക് ശമ്പളവും കുട്ടികൾക്ക് ഉച്ചഭക്ഷണവും നല്കി. എല്ലാ ആശ്രമങ്ങളോടനുബന്ധിച്ചും ഇത്തരം സ്കൂളുകൾ സ്ഥാപിച്ചുതുടങ്ങി. ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ എന്നിവയെല്ലാം അവിടെ സൗജന്യമായിരുന്നു.

ചാവറയച്ചന്റെ ദീനാനുകമ്പ 'ഉപവിശാല'യായി ജന്മമെടുത്തു. തന്റെയുള്ളിൽ ഉറഞ്ഞുകൂടിയ ഉപവിയുടെ വിത്തിന് ഉയിർകൊള്ളേണ്ട ഉർവ്വരഭൂമിയായി അദ്ദേഹം ഉപവിശാലയെ കണ്ടു. അനാഥരെ സനാഥരാക്കാൻ ആമയരെ നിരാമയരാക്കാൻ ഉപവിശാലയ്ക്ക് കഴിഞ്ഞു. അനാഥരായ ദരിദ്രസഹോദരങ്ങൾക്ക് അഭയമരുളുന്ന ഈ സ്ഥാപനം പൊതുജനസഹകരണത്തോടെ പ്രവർത്തിച്ചുപോന്നു. ചാവറയച്ചന്റെ

ഹൃദയം തുടിച്ചതും നിലച്ചതും ലയിച്ചതും – തിരുസഭയോടൊത്ത്; തിരുസ്സഭയ്ക്കുവേണ്ടി; തിരുസ്സഭയിൽ ആയിരുന്നു.

അപ്പാ –
ഇതാ ഞാൻ,
എന്നിൽനിന്ന് എന്നെ മാറ്റി
ദൈവസ്നേഹം നിറച്ച്
പരസ്നേഹം ഒഴുക്കൂ.
നീ വരണേ...
അപരനെ കാണുമ്പോൾ
പ്രിയനെ കാണാൻ
അപരനെ ശ്രവിക്കുമ്പോൾ
പ്രിയനെ കേൾക്കാൻ
അപരന്റെ ദുഃഖമറിയുമ്പോൾ
പ്രിയന്റെ മോദമറിയാൻ
അപരനായി സഹിക്കുമ്പോൾ
പ്രിയനായി സന്തോഷിക്കാൻ
അപരനായി ചുരുങ്ങുമ്പോൾ
പ്രിയനായി വളരാൻ
അപ്പാ... നീ... വരണേ...
ദീനാനുകമ്പയുമായി
പ്രേഷിതതീക്ഷ്ണതയുമായി
സഭാസ്നേഹവുമായി
പരസ്നേഹവുമായി
ആത്മരക്ഷയിൽ ഉത്സാഹവുമായി
അപ്പാ... ഞാനിതാ...
എന്നെ നീ മാറ്റൂ
നിന്റെ മകളായി. ●●

ജീവിതം മുഴുവനും ദൈവതിരുമനസ്സിനുള്ള 'ആമ്മേനാ'ക്കി മാറ്റി. ഓരോ 'ആമ്മേനും' ചാവറയച്ചനിൽ ഒരായിരം മുഖങ്ങൾ സൃഷ്ടിച്ചു. സഭാസമുദ്ധാരകന്റെ, കുടുംബനവീകരണകർത്താവിന്റെ, ദിവ്യനായ കവിയുടെ, വിദ്യാഭ്യാസപ്രചാരകന്റെ, എല്ലാറ്റിലുമുപരി സന്ന്യാസസമൂഹസ്ഥാപകന്റെ.

വെള്ളത്തിൽ വെണ്ണപോലെ, സംസാരസാഗരത്തിൽ വിശുദ്ധരായി ജീവിച്ച് ദൈവസാക്ഷാത്കാരം സാധിക്കുന്നതിനുവേണ്ടി, പുരുഷന്മാർക്കായി സി.എം.ഐ. സന്ന്യാസസമൂഹം അദ്ദേഹം സ്ഥാപിച്ചു. ദൈവസ്തുതിയും പരോപകാരവും സ്ഥാപനലക്ഷ്യമാക്കിയപ്പോൾ അതിനനുഗുണമായ കർമ്മപദ്ധതികളും അദ്ദേഹം ആസൂത്രണം ചെയ്തു. ആനുഷംഗികമായി, കന്നിസുഖം കാംക്ഷിക്കുന്ന സ്ത്രീജനങ്ങളിലേക്ക് ചാവറയച്ചന്റെ ദൃഷ്ടി പതിഞ്ഞു. അത് 'സി.എം.സി.' സന്ന്യാസിനീസമൂഹത്തിന്റെ ബീജാവാപത്തിന് കാരണമായി. തന്റെ ചിന്താധോരണിയെ അദ്ദേഹം ഇങ്ങനെ കുറിച്ചുവച്ചു, "ഏറിയനാൾ മുൻപിനാലേ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യകണ്ടുപഠിത്വവും കൂടാതെയും ആൺവർഗ്ഗക്കാർക്ക് പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്നല്ലാതെ കന്നിത്വം കാത്തിരിപ്പാൻ മനസ്സുള്ളവരുണ്ടായാലും ആയതിന് ഒരു പോംവഴിയും നൃവാഹവും കൂടാതെ ഈ ദുഃഖത്തിൽത്തന്നെ ദീർഘകാലമായി നടന്നുവരുന്നു." ചാവറയച്ചന്റെ ഈ പരിദേവനം ദൈവം കേട്ടിരിക്കാം. കാരണം, ഈ ചിന്താപഥത്തിലൂടെ ബഹുദൂരം യാത്രചെയ്തിരുന്ന മറ്റൊരു വ്യക്തിതേജസ്സിനെ ചാവറയച്ചനുമായി ബന്ധിപ്പിക്കാൻ ദൈവം തിരുമനസ്സായി. ആ വ്യക്തിതേജസ്സാണ് വന്ദ്യനായ ലെയോപ്പോൾദ് ബൊക്കറോ ഒ.സി.ഡി. ഇവരുടെ സ്നേഹക്കൂട്ടായ്മയിൽനിന്ന്, ഹൃദയത്തിലെ ദൈവികതയിൽനിന്നാണ് സി.എം.സി. പിറന്നുവീണത്.

കാലപ്രവാഹം ആർക്കും വഴിമാറിയില്ല. അത് അണപൊട്ടിയൊഴുകിക്കൊണ്ടിരുന്നു. എന്നാൽ, പൈതൃകസ്നേഹത്തിൽ പോറ്റിവളർത്തപ്പെട്ട സി.എം.സി. വടവൃക്ഷമായി വളർന്നുവന്നു. അവളുടെ വേരുകൾ ധ്രിത്വത്തിലും അവളുടെ ശിഖരങ്ങൾ സ്വർഗ്ഗത്തിലുമാണ്. തന്റെ മക്കളെ നോക്കി നിർവൃതികൊള്ളുന്ന ചാവറയച്ചന്റെ വാക്കുകൾ കാലാനുസൃതമായ ഭാഷാവ്യതിയാനങ്ങളോടെ നമുക്ക് ശ്രവിക്കാം

എന്റെ മക്കളേ,

പുലരിമഞ്ഞിന്റെ നിർമ്മലതയും പുലർകാലസൂര്യന്റെ ശോഭയും നിങ്ങളുടെ ആത്മാക്കളിൽ ദർശിച്ചുകൊണ്ട് ഞാൻ പറയട്ടെ, കർമ്മലയുടെ സ്വച്ഛതയിൽ വളർന്നുവന്ന പനിനീർചെടിയാണ് സി.എം.സി. വന്ദ്യനായ ലെയോപ്പോൾദ് മൂപ്പച്ചന്റെയും എന്റെയും കൈകളിലേയ്ക്ക് ദൈവം തന്ന പൊന്നോമനയായ ഈ പനിനീർച്ചെടിയേക്കുറിച്ച് ഞങ്ങൾ ഒത്തിരിയൊത്തിരി സ്വപ്നങ്ങൾ കണ്ടു. അതിൽ തുടിക്കുന്ന ജീവനെയും വിരിയുന്ന മുകുളത്തെയും വിടരുന്ന പൂവിനെയുംകുറിച്ച്; ദൈവപിതാവിന്റെ തലോടലിനനുസരിച്ചുള്ള അതിന്റെ ചാഞ്ചാട്ടത്തെക്കുറിച്ച്; ദിവ്യസൂര്യനെ നോക്കിനില്ക്കുന്ന അതിന്റെ ധ്യാനനിശ്ചലതയെക്കുറിച്ച്; ഭൂമിയെ ചൂഴ്ന്നു നില്ക്കാൻ പോകുന്ന അതിന്റെ ദിവ്യസൗരഭ്യത്തെക്കുറിച്ച്... ഈ സ്വപ്നങ്ങൾക്കെല്ലാം യാഥാർത്ഥ്യത്തിന്റെ പക്ഷവും ദൈവികതയുടെ നിറക്കൂട്ടും നിങ്ങൾ നല്കുന്നതു കാണുമ്പോൾ ഈ താതഹൃദയം തരളിതമാകുന്നു. പിതാവിനടുത്ത ആശീർവ്വാദത്തോടെയുള്ള എന്റെ ഉപദേശം ഇതാകുന്നു –

ഈ പ്രപഞ്ചത്തിന്റെ ആദികാരണമായ സർവ്വേശ്വരൻ ആദത്തിന്റെ മക്കളായി നമ്മെ സൃഷ്ടിച്ചു. അതിനു കാരണം അവിടുത്തെ ദയ മാത്രമാണ്. ഈ ലോകത്തിൽ കാണുന്ന കൃമിയെയോ മൃഗത്തെയോപോലെ നമ്മെ സൃഷ്ടിച്ചിരുന്നെങ്കിൽ എത്രയോ ദൗർഭാഗ്യമാകുമായിരുന്നു. അങ്ങനെയൊന്നും ചെയ്യാതെ നമുക്ക് നരജന്മം നല്കി. അന്നു മുതൽ ഇന്നുവരെ നമ്മിലേക്ക് ചൊരിഞ്ഞ അനന്തനന്മകളോർത്ത് എന്റെ മക്കളേ നമുക്ക് ഒന്നിച്ചുപാടാം.

"ഇച്ചെയ്ത ഗുണമഹത്ത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്ക് കൈമാറെന്തു നാഥാ."

'ഓ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളേ, നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന ജീവിതാന്തസ്സ് വളരെയേറെ മഹത്ത്വവും ബഹുമാനവും അർഹിക്കുന്നതാകുന്നു. ഈ ലോകത്തിലെ രാജകുമാരിമാർ നിങ്ങളുടെ നേരെ അസൂയാലുക്കളാണ് എന്ന കാര്യം അന്ത്യദിനത്തിൽ നിങ്ങൾ അറിയും.'

എന്റെ മക്കളേ,

കർമ്മലയുടെ ഫലങ്ങൾ ആസ്വദിക്കാനും നന്മകൾ അനുഭവിക്കാനുമായി ദൈവം നമ്മെ വിളിച്ചു. ഈ ഉന്നതമായ പുണ്യത്തിനും

ധ്യാനനിർലീനതയ്ക്കും നാമാരും യോഗ്യരല്ല. കാരണം, നാമെല്ലാം മഹാപാപികൾ! പരിശുദ്ധമായ ആത്മാവോ അവിഭക്തമായ ഹൃദയമോ ഏകാഗ്രമായ മനസ്സോ നമുക്കാർക്കുമില്ല. അതിനാൽത്തന്നെ ധ്യാനാരൂപി കിട്ടുവാനോ പുണ്യപൂർണ്ണത പ്രാപിക്കുവാനോ നാമാരും യോഗ്യരുമല്ല. അഹങ്കാരം മുഖ്യഹേതുവായി നിലകൊള്ളുന്നു. അപ്പോൾ ഒരു കാര്യം വ്യക്തമല്ലേ? നാം തിരഞ്ഞെടുത്ത ജീവിതാന്തസ്സ് നമ്മുടെതന്നെ പ്രവൃത്തിയല്ല; ദൈവത്തിന്റെ പ്രവൃത്തിയാകുന്നു.

ഒന്നു ചിന്തിച്ചുനോക്കൂ, സി.എം.സി.യിൽ നിങ്ങൾ വന്നതെങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? നോവിഷ്യറ്റിൽ എങ്ങനെ കേറി, സന്ന്യാസവസ്ത്രം എങ്ങനെ കിട്ടി, സിസ്റ്ററേ എന്നാരു വിളിച്ചു, നിത്യവ്രതം ആരു ചെയ്യിപ്പിച്ചു? ഇതിന് വല്ലതിനും നിന്നെ കൊള്ളാമോ? ഇല്ലേയില്ല, നിശ്ചയം. അപ്പോഴോ, ദൈവതിരുമനസ്സ് നടക്കും; നടത്തും. ഈ ചിന്ത നിങ്ങൾക്ക് എപ്പോഴും വേണം. ഇരവിലും പകലിലും ഇടമുറിയാതെ ഈശ്വരഹിതം നിറവേറ്റണം.

പ്രിയമുള്ള മക്കളേ,

പട്ടിണികൊണ്ടോ, ഈ ലോകത്തിൽ ജീവിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടോ അല്ല നിങ്ങളാരും ഈ സന്ന്യാസസമൂഹത്തിൽ പ്രവേശിച്ചത്. ലോകസുഖങ്ങൾ അനുഭവിക്കാമായിരുന്ന സാധ്യതകളെയും സാഹചര്യങ്ങളെയും വേണ്ടെന്നുവച്ച് മാതാപിതാക്കളെയും സഹോദരങ്ങളെയും കുടുംബബന്ധങ്ങളെയും ഉപേക്ഷിച്ച് നിങ്ങൾ ഇവിടെ പ്രവേശിച്ചു. ഇനി മടികൊണ്ടും മന്ദജീവിതംകൊണ്ടും തമ്പുരാനെ ഉപേക്ഷിക്കുമെങ്കിൽ അത് എത്രയോ ഭോഷത്തം, എത്രയോ ഭ്രാന്ത്.' അത് ഒരിക്കലും സംഭവിക്കാതിരിക്കട്ടെ. ചിങ്ങമാസം ആറാം തീയതി മൂപ്പച്ചനും ഞാനുംകൂടി നിങ്ങളുടെ ആദ്യ അമ്മമാരെ കാണാൻ ചെന്നപ്പോൾ അവരോട് പറഞ്ഞ അതേകാര്യം വളരെ വാത്സല്യത്തോടുകൂടെ നിങ്ങളോടും പറയുന്നു. 'നിങ്ങൾ ലോകം ഉപേക്ഷിച്ചവരാണ്. ലോകത്തിന്റെ പൊടി നിങ്ങളിൽ നിന്നു പോയാലല്ലാതെ പുണ്യത്തിന്റെ പരിമളം നിങ്ങളിൽ വീശുകയില്ല. പുണ്യപരിമളം വീശാനുള്ള വാതായനങ്ങൾ നിങ്ങൾക്ക് അറിഞ്ഞുകൂടായെന്നുണ്ടോ? അതത്രേ നമ്മുടെ പ്രമാണരേഖയും അനുഷ്ഠാനവിധിയും.

വത്സലമക്കളേ,

അനുസരണം നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട പുണ്യമായിരിക്കണം. മകരം ഇരുപത്തിയൊന്നാം തീയതി ഞങ്ങൾ നിങ്ങളുടെ അമ്മ

മാരോടു പറഞ്ഞു 'നിങ്ങൾ സ്വന്തമായ മനസ്സ് ഇല്ലാത്തവരാകണം. അതായത് ഒരു ശവംപോലെയിരിക്കണം. ശവത്തെ എന്തുചെയ്താലും എങ്ങോട്ടുകൊണ്ടുപോയാലും, എന്തു പറഞ്ഞാലും തിരിച്ച് ഒന്നും പറയുകയില്ലല്ലോ? നിങ്ങളും അതുപോലെയാകണം.

കൂടാതെ, പൈതങ്ങളെപ്പോലെ നിങ്ങൾ എല്ലാവർക്കും കീഴ്വഴങ്ങണം. അന്നൊരിക്കൽ, എനിക്ക് രോഗം കൂടിയപ്പോൾ അധികാരികൾ എന്നെ സ്ഥലം മാറ്റി, കൂനമ്മാവിൽനിന്ന് മാന്നാനത്തേക്ക്. എന്റെ ആരോഗ്യത്തിന് തികച്ചും തൃപ്തികരമായ കാലാവസ്ഥയായിരുന്നു മാന്നാനത്തേത്. അക്കാരണത്താൽ, അവസാനമായി ആശീർവ്വാദം നല്കാം എന്നു കരുതി ഞാൻ കൂനമ്മാവ് മഠത്തിൽ ചെന്നു. അപ്പോൾ സിസ്റ്റേഴ്സ് എന്നോടു പറഞ്ഞു – കൂനമ്മാവിൽത്തന്നെ താമസിച്ചുകൊള്ളാമെന്ന് അധികാരികളോടു പറയാൻ. എന്റെ വിശേഷങ്ങൾ അറിയാനുള്ള താല്പര്യമാണ് അവരെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചത്. അതിന് അവർ കണ്ടെത്തിയ യുക്തി ഇതായിരുന്നു – ഞാൻ പറഞ്ഞാൽ അധികാരികൾ കേൾക്കുമത്രെ.

എന്റെ മക്കളേ, എനിക്ക് സ്വന്തമായിട്ട് ഒരു മനസ്സുണ്ടോ? എനിക്ക് മാന്നാനത്ത് താമസിക്കണമെന്നോ കൂനമ്മാവിൽ താമസിക്കണമെന്നോ പ്രത്യേക ആഗ്രഹമില്ല. എന്നോട് എന്തു പറയുന്നുവോ അതു സന്തോഷത്തോടെ ചെയ്യാനാണ് എനിക്ക് ആഗ്രഹം. എന്റെ സ്വന്തമനസ്സോടെ ഒന്നും ചെയ്യുവാൻ എനിക്കു മനസ്സില്ല. മക്കളേ, നിങ്ങളും ഇതുപോലെയായിരിക്കണം.

ദൈവം വിളിച്ചതുകൊണ്ടാണ് നിങ്ങൾ സി.എം.സി.യിൽ വന്നത്. അപ്പോൾ, സ്വന്തമനസ്സ് നടത്തുവാനും ഇഷ്ടപ്പെടുന്ന അധികാരികളെ അനുസരിക്കുവാനും താല്പര്യമുള്ള കാര്യങ്ങൾ ചെയ്യുവാനും മാത്രമേ നിങ്ങൾക്ക് കഴിയുന്നുള്ളുവെങ്കിൽ നിങ്ങളുടെ അനുസരണവ്രതവും ലോകത്തിലുള്ളവരുടെ അനുസരണവും തമ്മിൽ എന്തു വ്യത്യാസം? സ്വന്തം ഇഷ്ടം മാത്രം നിറവേറ്റാനായിരുന്നെങ്കിൽ നിങ്ങൾ എന്തിനാണ് അനുസരണവ്രതം ചെയ്തത്? സന്ന്യാസ അന്തസ്സ് തിരഞ്ഞെടുത്തത്? സന്ന്യാസത്തിൽ വന്നത്? സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തം മനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത അനുസരണമാകുന്നു. ഇതുള്ളവൾ യഥാർത്ഥ സന്ന്യാസിനി. മേലധികാരികളോടും സഹോദരിമാരോടും അനുസരണയുള്ളവൾ സ്വർഗ്ഗസമാധാനം ഭൗമികപറുദീസയായ സന്ന്യാസഭവനത്തിൽ വച്ചുതന്നെ അനുഭവിക്കും, നിശ്ചയം.

എന്റെ കുഞ്ഞുങ്ങളേ,

ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. കാരണം "താനല്ലാതെ മറ്റൊരു സ്നേഹവിഷയം നിങ്ങൾക്കുണ്ടോ എന്നും എന്താണ് നിങ്ങൾക്ക് ആവശ്യമെന്നും അന്വേഷിച്ച് എല്ലായ്പ്പോഴും നിങ്ങളുടെ ഉള്ളിലും നിങ്ങളുടെ പുറത്തും നിങ്ങളോടുകൂടിയായിരിക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മാധുര്യമുള്ളതെന്നോർക്കണം. ഈശോമിശിഹായുടെ സ്നേഹത്തിൽ ജീവിക്കുവിൻ; എപ്പോഴും അവിടുത്തെ കൺമുമ്പിൽ ഇരിക്കുവിൻ; അവിടുത്തോടുകൂടെ നടക്കുവിൻ; എപ്പോഴും അവിടുത്തോട് സംസാരിക്കുവിൻ."

പ്രിയ മക്കളേ,

ഇഹലോകത്തിലും പരലോകത്തിലും നിങ്ങളെ തൃപ്തിപ്പെടുത്താൻ അവിടുന്ന് മാത്രമേയുള്ളൂ എന്ന് ഓർക്കണം. 'അനസ്താസ്യായുടെ രക്തസാക്ഷിത്യത്തിൽ സോഫിയാമ്മ ആ പെൺപൈതലിനോട് പറഞ്ഞതായി ഞാൻ എഴുതിയിരുന്ന വാക്യങ്ങൾ നിങ്ങൾക്കായി ഞാൻ ആവർത്തിക്കുന്നു.

"മന്നിലുള്ള മന്നവന്മാരല്ല നിന്റെ ഭർത്താ-
വുന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക."

നിങ്ങൾ എന്തിനാണ് ക്ലേശിക്കുന്നത്? നിങ്ങളെ സന്തോഷിപ്പിക്കാൻ അവിടുന്നു പോരേ? ഒരു ക്ഷണനേരംപോലും നിങ്ങളിൽ നിന്നു പിരിയാതെ, അവിടുന്ന് നിങ്ങളുടെ കൂടെയുണ്ട്? നിങ്ങൾ അവിടുത്തെ മാത്രം സ്നേഹിക്കണം. അവിടുത്തെ മാത്രം സന്തോഷിപ്പിക്കണം - ഇതു മാത്രമാണ് അവിടുത്തെ ആഗ്രഹം. ഇനി നിങ്ങൾക്കു തരുവാൻ അവിടുത്തെ കൈയിൽ ഒന്നുമില്ല; നിശ്ചയം. കാരണം അവിടുത്തെ മുഴുവനായി നിങ്ങൾക്കു തന്നു. ബാക്കി എന്തുണ്ട്? ഇക്കാണുന്ന ആകാശവും മറ്റു വസ്തുക്കളും അവിടുത്തെ സൃഷ്ടി മാത്രമല്ലേ? അതൊന്നും അവിടുത്തേക്കാൾ വലുതല്ലല്ലോ?

പ്രിയ മക്കളേ,

ബ്രഹ്മചര്യം കാക്കാൻ നമ്മെ ഏറ്റവും കൂടുതൽ സഹായിക്കുന്ന പുണ്യമാണ് അടക്കം. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കം എന്ന പുണ്യം വലിയ താല്പര്യത്തോടെ കാക്കണം. ഫ്രാൻസു രാജ്യത്തിൽ വിരക്തയായി ജീവിച്ച ഒരു പൈതൽ

ഉണ്ടായിരുന്നു. എല്ലായ്പോഴും ദേഹം മുഴുവനും കൈകൾ കൂടെയും വസ്ത്രംകൊണ്ട് മറച്ചാണ് നടന്നിരുന്നത്. ഈ കുട്ടി, ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടിവരും എന്നു കേട്ടപ്പോൾ ഭയപ്പെട്ട് ഒത്തിരി കരഞ്ഞു. ഈ പൈതൽ വിരക്തിയെ എത്രയധികമായി വിലമതിച്ചു എന്നു കാണുക.

പ്രിയ മക്കളേ,

അവിടുത്തെ മണിയറയായ നിങ്ങളുടെ മുറിയിൽ അവിടുത്തോടുള്ള സ്നേഹനിർലീനതയിൽ ആയിരിക്കുമ്പോൾ എനിക്കുവേണ്ടി അപേക്ഷിക്കണമേ.

എന്റെ പ്രിയപുത്രിമാരേ,

നിങ്ങളെപ്പോലെ ഈ ഭൂമിയിൽ ഇത്രമാത്രം സുഖമനുഭവിക്കുന്നവരാരുണ്ട്. നിങ്ങളെക്കാൾ സമ്പത്തും പ്രൗഢിയുമുള്ള എത്രയോ സ്ത്രീകൾ കണ്ണുനീരും നെടുവീർപ്പുമായി കഴിയുന്നു. ലോവൈൻ നഗരത്തിൽ നടന്ന ഒരു സംഭവമുണ്ട്. അവിടെ ധനാഢ്യനായ ഒരു മനുഷ്യനുണ്ടായിരുന്നു. അയാളുടെ വകയായ ഒരു വീട്ടിൽ ദരിദ്രയായ വിധവയും കുഞ്ഞുങ്ങളും വാടകയ്ക്ക് താമസിച്ചിരുന്നു. അയാൾ പലപ്പോഴായി അവരെ പീഡിപ്പിച്ചിരുന്നു. ഒരിക്കൽ ഈ വിധവ വലിയ ദുഃഖത്തോടുകൂടി കർത്താവിനോടു പ്രാർത്ഥിച്ചു. 'കർത്താവേ, ഈ ദുഃഖത്തിൽ നിന്നും അനീതിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. തത്ക്ഷണം ആ ധനവാൻ നിന്ന നിലയിൽത്തന്നെ സ്തംഭിച്ചു വീണു മരിച്ചു.

എന്റെ മക്കളേ, പുത്തനായിട്ടു വസ്തുക്കളെ ഉണ്ടാക്കുന്നതിനേക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പ്രയാസപ്പെടുക. നിങ്ങൾക്കുള്ളതെല്ലാം കർത്താവിന്റെ പത്രമേനിയത്രെ. ഞാൻ കേട്ടിട്ടുള്ള ഒരു സംഭവകഥ നിങ്ങളോടു പറയാം. അദ്ധ്വാനശീലനായ ഒരു മനുഷ്യൻ ഉള്ള വസ്തുക്കൾകൊണ്ട് സംതൃപ്തനായി ജീവിക്കുകയായിരുന്നു. ചില അസൂയാലുക്കൾ അയാൾക്കെതിരെ രാജാവിന്റെ പക്കൽ പരാതികൊടുത്തു. അയാളുടെ വസ്തുവകകളുടെയും സമ്പത്തിന്റെയും കണക്ക് ബോധിപ്പിക്കണമെന്ന് രാജകല്പനയുണ്ടായി. അയാൾ തന്റെ നിജസ്ഥിതി രാജാവിനെ ബോധിപ്പിച്ചു. തന്റെ സമ്പത്ത് തന്റെ ചെറിയ പറമ്പാണെന്നും സ്വന്തം നെറ്റിയിലെ വിയർപ്പുകൊണ്ടാണ് അതിൽ പൊന്നുവിളയിക്കുന്നതെന്നും പറഞ്ഞു. സംപ്രീതനായ രാജാവ് അയാളെ ബഹുമാനിച്ച് പറഞ്ഞയച്ചു.

മക്കളേ,

നിങ്ങളുടെ ജീവിതാന്തസ്സിന് തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് മഹത്ത്വമുള്ള ആളുകളുടെ രീതിയല്ല. മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു. അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറുംകൈയോടുകൂടി നിങ്ങളുടെ മഠത്തിൽനിന്നു പോകുവാൻ നിങ്ങൾ സമ്മതിക്കരുത്. നിങ്ങൾക്ക് കഴിയുന്നതുപോലെ അല്പമെങ്കിലും ദാനംചെയ്യുവിൻ.

എന്റെ വാത്സല്യഭാജനങ്ങളേ,

തുലാംമാസം എട്ടാം തീയതി ഞങ്ങൾ കൂനമ്മാവിൽ ചെന്നപ്പോൾ ധ്യാനത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതായത്, ധ്യാനിക്കുന്നതിന് ബുദ്ധിയും ശാസ്ത്രവും വേണ്ടാ; പകരം നല്ല മനസ്സും പരമാർത്ഥതയും മതി. ധ്യാനം ഒരു സൂചിപോലെയാകുന്നു. നൂലുകൊണ്ട് തുന്നിപ്പിടിപ്പിക്കണമെങ്കിൽ സൂചി ആദ്യം കടക്കണമല്ലോ? അതുപോലെ ധ്യാനം വഴിയായി മനസ്സ് ഏകാഗ്രമാകുമ്പോൾ, നാമറിയാതെതന്നെ നമ്മുടെയുള്ളിൽനിന്ന് സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും പ്രത്യാശയുടെയും പ്രകരണങ്ങൾ ഉത്ഭവിക്കും. അതിന് മനസ്സിനെ ഞെരുക്കുകയോ, ബോധത്തെ നിർബന്ധിക്കുകയോ ബുദ്ധിയെ ചവിട്ടുകയോ വേണ്ടാ, മറിച്ച്, മനസ്സിനെ അതിന്റെ അഭിരുചിക്കനുസരിച്ച് വിട്ടുകൊടുത്താൽ മതി. നിങ്ങൾ നിത്യഭാഗ്യത്തെക്കുറിച്ച് ധ്യാനിക്കണം. അപ്പോൾ, ഈ ലോകത്തിലെ നിന്ദനങ്ങളും പരിഹാസങ്ങളും സങ്കടങ്ങളും സന്തോഷത്തോടെ ക്ഷമിക്കുന്നതിന് ധൈര്യം കിട്ടും.

എന്റെ കുഞ്ഞുങ്ങളേ,

ധ്യാനമെന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടുചേർന്ന്, അവിടത്തോടൊന്നിച്ചിരുന്ന് സ്നേഹിതന്മാരോടൊന്നിച്ചുള്ള സംസാരംപോലെ ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്ന് സംസാരിക്കയത്രെ. സ്നേഹിതന്മാർ തമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുംവരെ നാവ് അടങ്ങാതെ സംസാരിക്കും. അതിനിടയിൽ, സംസാരത്തിന് വകയില്ലാതെ മിണ്ടാതിരുന്നെന്നും വരുകയില്ല. കാരണം സ്നേഹമുണ്ടെങ്കിൽ സംസാരിക്കുവാൻ വകയുമുണ്ടാകുമല്ലോ? ഈ സംസാരം ആരും പഠിപ്പിക്കയും വേണ്ട.

ഭാഷ പരസ്പരം അറിയാത്തവരാണെങ്കിലും തമ്മിൽത്തമ്മിൽ സ്നേഹം ഉണ്ടായാൽ സംസാരിക്കുകയും അത് മനസ്സിലാക്കുകയും ചെയ്യും. എന്റെ മക്കളേ, ഈ സ്നേഹം നിങ്ങൾക്കില്ലായെങ്കിൽ നമ്മുടെ അമ്മത്രേസ്യാപുണ്യവതിയോട് ചോദിച്ച് ഈ സ്നേഹം വാങ്ങിയെടുക്കണം.

ധ്യാനത്തിന് ഏറ്റവും ആവശ്യം ഏകാന്തതയാകുന്നു. വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകും. ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നുള്ളി ആത്മാവിനോട് സംസാരിച്ചുതുടങ്ങും. ആരംഭത്തിൽ ആ ഭാഷയും ആ സംസാരവും നല്ലവണ്ണം മനസ്സിലാകുകയില്ല. അപ്പോൾ തന്റെ മണവാട്ടിയെ വീഞ്ഞുമുറിയിൽ കേറ്റി കുറെ പകർന്നുകൊടുക്കും. ഇതിനെ ആസ്വദിച്ചു തുടങ്ങുമ്പോൾ മണവാളന്റെ ഭാഷ മനസ്സിലായിത്തുടങ്ങും. മനസ്സിലാക്കാൻ തുടങ്ങിയെന്നു കാണുമ്പോൾ നല്ലവണ്ണം മനസ്സിലാക്കിത്തരും. തന്റെ സ്നേഹം എത്ര വലിയതെന്നു കാണിക്കുകയും ചെയ്യും. അപ്പോൾ മണവാളൻ സന്തോഷാധികൃത്താൽ മണവാട്ടിക്ക് ചില ആഭരണങ്ങൾ കൊടുക്കും. ഇങ്ങനെയാണ് തുടക്കം.

എന്റെ മക്കളേ,

പുണ്യത്തിന്റെ മുകളിൽ കയറാനും കേറിയിടത്തുനിന്ന് വീഴാതിരിക്കാനും മഹാസൂക്ഷ്മമായിരിക്കണം. അതിനുവേണ്ടി, പതിവുപോലുള്ള ഉല്ലാസത്തിന്റെ സമയം കഴിഞ്ഞുകിട്ടുന്നനേരം ജ്ഞാനവായനയിൽ ചെലവഴിക്കണം. അപ്പോൾ മനസ്സിൽ ഈശ്വരരൂപം നിറയും. ഓരോ ശ്വാസത്തിലും ഇങ്ങനെ പ്രാർത്ഥിക്കുവിൻ.

'എത്രയും ചിത്രമാം നിൻമുഖപത്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം
ഏകേശനാഥനേ നിന്നുടെ ദാസൻമേ
ഏകദാ നിന്നെ ഞാൻ കാണാകേണം.'

പ്രിയമുള്ള കുഞ്ഞുങ്ങളേ,

നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിക്കുവിൻ; സ്നേഹമായിരിക്കുവിൻ. ഓരോരുത്തരുടെയും അറ്റകുറ്റങ്ങളും കുറച്ചിലുകളും ക്ഷമിക്കുവിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. നിങ്ങളുടെ

പോരായ്മകൾ നിങ്ങൾ പരസ്പരം ക്ഷമിക്കുകയില്ലെങ്കിൽ പുറത്തുള്ളവർ ക്ഷമിക്കുമോ? നമ്മുടെ ആദിപിതാവായ ആദം നമുക്ക് അവകാശമായി വാങ്ങിത്തന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാതെ, നിങ്ങൾ സ്വമനസ്സാലേ വീണ്ടും ഉണ്ടാക്കണമോ? എന്റെ മക്കളേ, കൊവേന്തക്കാരോടു പറഞ്ഞതുപോലെ ഞാൻ നിങ്ങളോടും പറയുന്നു. എത്ര മഠങ്ങളുണ്ടായാലും ഒരു വീട്ടിൽ ഒരമ്മയുടെ പാൽ കുടിച്ചുവളർന്നവരെപ്പോലെ, ഒരമ്മയുടെ ഉദരത്തിൽ പിറന്നവരെപ്പോലെ സ്നേഹത്തിൽ കഴിയണം. ഈ സ്നേഹം അനുനിമിഷം വർദ്ധിച്ചുവരികയും വേണം. ഇതാണ് ഞാൻ നല്കുന്നതിലെ ഏറ്റവും വലിയ ഉപദേശമെന്ന് ഓർത്തുകൊള്ളണം.

*അപ്പാ,*

*ഞാൻ കണ്ടു നിന്നിലെ കർമ്മലീത്തസന്ന്യാസിയെ*
*അനുസരണത്തിന്റെ നിറവിനെ*
*ബ്രഹ്മചര്യത്തിന്റെ തികവിനെ*
*ദാരിദ്ര്യത്തിന്റെ പ്രഭയെ*
*ധ്യാനത്തിന്റെ ചൈതന്യത്തെ*
*പരസ്നേഹത്തിന്റെ പ്രോജ്ജ്വലതയെ*
*നീ ചൊന്ന തേൻമൊഴികൾ*
*എനിക്കെന്നും മധുമൊഴികൾ*
*എന്നന്തരാത്മാവിൽ ഊറാൻനിലാവായ്*
*എന്നെന്നും നില്ക്കും ദിവ്യസൂക്തികൾ*
*അപ്പാ, തരണേ വരം നിൻ മകളാകാൻ.* ●●

> *“ആ, എന്റെ കുഞ്ഞുങ്ങളേ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം.”*



# 3 കുടുംബങ്ങളുടെ കാവൽക്കാരൻ

"നിങ്ങളായിരിക്കുന്നിടത്ത് നിങ്ങൾക്കുള്ളതുകൊണ്ട് നിങ്ങൾക്കാവുന്നതു ചെയ്യുക" എന്ന തിയഡോർ റൂസ്‌വെൽറ്റിന്റെ വാക്കുകൾ ചാവറയച്ചൻ തന്നിൽ അന്വർത്ഥമാക്കി. ഭൗതികതയുടെ അതിപ്രസരത്തിൽ ദൈവത്തിനും ദൈവികമൂല്യങ്ങൾക്കും ദൈവകല്പനകൾക്കും അർഹിക്കുന്ന പ്രാധാന്യം നല്കപ്പെടാതെ പോകുന്ന ഈ കാലഘട്ടത്തിൽ ചാവറയച്ചന്റെ ചെയ്തികൾ, കൃതികളിലൂടെ രൂപീകൃതമാകുന്ന ആശയസമ്പത്ത്, നവമായൊരു കുടുംബത്തെ സൃഷ്ടിക്കുന്നതിന് പര്യാപ്തമാണ്. തിരുക്കുടുംബത്തിന്റെ ജീവിതശൈലി ചാവറയച്ചന് ക്രിസ്തീയകുടുംബങ്ങളെ വിലയിരുത്തുവാനുള്ള കൈവിളക്കായി. അദ്ദേഹം പറയുന്നു: "കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവുമായി നടക്കയും അവരുടെ അന്തസ്സിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നംചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."

ക്രിസ്തീയകുടുംബം തിരുസ്സഭയുടെ ചെറിയ പതിപ്പാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സ്ഥാപിച്ചപ്പോൾ വാ. ചാവറയച്ചനും അതിനു സദൃശമായി പ്രസ്താവിച്ചിരുന്നു - 'നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു' എന്ന്. മക്കളുടെ നല്ല വളർത്തലിനേക്കുറിച്ച് അദ്ദേഹം മാതാപിതാക്കളെ ഉദ്ബോധിപ്പിച്ചു: "കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നുവെന്ന് നന്നായി അറിഞ്ഞുകൊൾക. മക്കൾ സർവ്വേശ്വരൻതമ്പുരാൻ സൂക്ഷി

പ്പാനായിട്ട് നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്നതിനും വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നുവെന്ന് നന്നായി അറിഞ്ഞുകൊള്ളുവിൻ.

"കുടുംബജീവിതക്കാരുടെ മാഗ്നാകാർട്ട"യാണ് ചാവറയച്ചന്റെ 'കുടുംബചട്ടം' അഥവാ 'നല്ല അപ്പന്റെ ചാവരുൾ'. ഒരു നല്ല കുടുംബത്തിനുണ്ടായിരിക്കേണ്ട മൂല്യങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിൽ ചാവറയച്ചൻ പറയുന്നുണ്ട്. ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്തായി അദ്ദേഹം കാണുന്നത് ദൈവപേടിയും ഭക്തിയുമാണ്. കുടുംബങ്ങളിൽ ദ്രവ്യാസക്തി വന്നുകൂടാതിരിക്കുവാൻ താഴ്മയുള്ള മനഃസ്ഥിതിവേണമെന്ന് അദ്ദേഹം പറഞ്ഞു. പെട്ടെന്നു വലിയ വെട്ടം കാണിച്ചു കെട്ടടങ്ങുന്ന വൈക്കോൽ തുറുവിന്റേതിനെക്കാൾ നിലനില്ക്കുന്ന വെളിച്ചം തരുന്ന ഒരു ചെറിയ വിളക്കു നല്ലതാകുന്നു. ധൂർത്തും അനാസ്ഥയും കാണിക്കുന്നവൻ പകൽ വിളക്കു കത്തിക്കുന്നവനു തുല്യനാകുന്നു.

അദ്ധ്വാനശീലത്തെ അദ്ദേഹം ഏറ്റവുമധികം വിലമതിച്ചു. അതിനെ വിശേഷഗുണമായി കണ്ടു പറഞ്ഞു – 'നിന്റെ ചെറിയ പറമ്പ് വിയർപ്പുമുത്തുകളാൽ നനയ്ക്കുമ്പോൾ അതു പൊന്നായിത്തീരും. അതത്രേ ഏറ്റവും വലിയ നിധി.' മദ്യപാനത്തെ എതിർത്തുകൊണ്ട് പറഞ്ഞു 'മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതുമാകുന്നു.'

മറ്റുജോലികളെ അപേക്ഷിച്ച് മഹാസൂക്ഷത്തോടും നീതിയോടുംകൂടെ മാത്രം ചെയ്യേണ്ട ജോലിയാണ് കച്ചവടജോലി എന്നു പറയുന്ന ചാവറയച്ചൻ 'സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗം അലിഞ്ഞുപോകുമെന്നും താക്കീതു കൊടുക്കുന്നു. തന്റെ ജീവിതച്ചക്കിൽ കടഞ്ഞെടുത്ത ആദർശം കുടുംബങ്ങൾക്ക് നല്കുന്നത് ഇങ്ങനെയാണ് "അന്യന്മാർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല."

ചീത്ത പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈക്കോലിൽ തീ സൂക്ഷിക്കുന്നതുപോലെയാണെന്നാണ് ചാവറയച്ചന്റെ മതം. അവസാനമായി ചാവരുളിൽ പറയുന്നത് – മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്തരുതെന്നും ആണ്.

അണുകുടുംബങ്ങളിൽ പാപം അണുവിനെപ്പോലെ കടന്ന് ഭീകരജീവിയായി ജന്മമെടുക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. മെഗാസീരിയലും സിനിമയുമൊക്കെ ഇന്നത്തെ കുടുംബങ്ങളിൽ നിത്യഅതിഥിയായി മാറിക്കൊണ്ടിരിക്കുന്നു. ചവിട്ടിനില്ക്കുന്ന മണ്ണുപോലും ഒലിച്ചുപോകാം. കാരണം ആദ്ധ്യാത്മികതയിൽ വേരൂന്നിയ വടവൃക്ഷങ്ങൾ ഇന്നില്ലാതായിരിക്കുന്നു. "വഴക്കും വക്കാണവും സ്വരമുയർത്താത്ത സ്വരതാളലയത്തിൽ പരസ്നേഹപ്രവർത്തനനിലയമത്രെ കുടുംബം" – എന്ന് ചാവറയച്ചൻ പറഞ്ഞു. മണ്ണിനോടും മനുഷ്യനോടും ഇണങ്ങിക്കഴിഞ്ഞ ആ പഴയകാലത്തെഴുതിയ ഈ കുടുംബചട്ടം ഇന്നും പ്രസക്തമാണ്. കാരണം അന്നത്തെ വഴക്കും വക്കാണവും സൂത്രവും കളവും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ചാവറയച്ചന്റെ കാലത്ത് ചീത്ത പുസ്തകങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഇന്നാകട്ടെ നീലച്ചിത്രങ്ങളും തജ്ജന്യമായ സി.ഡി.കളും വർദ്ധമാനമായ കാഴ്ചയാണ്.

*ഞാൻ ഓർത്തു,*

*കുടുംബം – ആകാശമോക്ഷം*
*മാലാഖമാർ കളിയാടും സ്ഥലം*
*സ്വർഗ്ഗം താണിറങ്ങും പൂവനം*
*സ്നേഹം മയങ്ങും ശയ്യാതലം*
*കാരുണ്യം തളിരിടും വല്ലി*

*പക്ഷെ ഇന്ന്,*

*കൂടുമ്പോൾ കലഹിക്കുന്ന*
*കൂടാണു കുടുംബം*
*ഇന്റർനെറ്റ് കളിയാടും സ്ഥലം*
*ഭോഗലാലസ കുടിയിരിക്കും വനം*
*സ്വാർത്ഥത മയങ്ങും ശയ്യ*
*അഹം തളിരിടും വല്ലി*

*അപ്പാ, നിൻ ഹൃദയം പിടയും*
*ഈ ഗൃഹം കാൺകിൽ*
*അപ്പാ, ചൊൽക നീ മാദ്ധ്യസ്ഥ്യം*
*കുടുംബങ്ങളിലേക്ക് ഇറങ്ങുന്നു ഞാൻ*
*കുഞ്ഞുങ്ങളെ തേടി ഇറങ്ങുന്നു ഞാൻ*
*ആത്മാവെ നേടാൻ ഇറങ്ങുന്നു ഞാൻ*
*രക്ഷണം ചെയ്യുവാൻ ഇറങ്ങുന്നു ഞാൻ*
*അപ്പനെപ്പോലെ ഞാൻ*
*ആത്മാവെ നേടീട്ട്*
*അപ്പനോടൊപ്പം പറന്നുയരാം.* ●●



# കർമ്മല വിശുദ്ധനിലെ കവിഹൃദയം

# III

'അങ്ങയുടെ മുമ്പിൽ ഗാനാലാപം ചെയ്യാൻ മാത്രമാണു ഞാൻ ഇവിടെ ഇരിക്കുന്നത്. അങ്ങയുടെ ഈ വിശ്വമഹാസദസ്സിൽ അല്പ സ്ഥലം എനിക്കുകൂടി അനുവദിച്ചുതന്നാലും' എന്ന ടാഗോറിന്റെ വാക്കുകൾ ചാവറയച്ചന്റെ വികാരങ്ങൾക്കുള്ള ശബ്ദമാകും. ഗീതാഞ്ജലിയിൽ അദ്ദേഹം തുടർന്നു: "അങ്ങയുടെ സഭാമണ്ഡപത്തിൽ എത്രയോ ഗാനങ്ങൾ ആലപിക്കപ്പെടുന്നു. എത്രയോ നല്ല സംഗീത വിദ്വാന്മാർ അവിടെയുണ്ട്. എന്നിട്ടും നിസ്സാരനായ എന്റെ ഈ ഗാനം അങ്ങയുടെ ഹൃദയത്തെ സ്പർശിച്ചു". അതെ, ചാവറയച്ചൻ തന്റെ അന്തർഗതങ്ങൾക്ക് കാവ്യഭാഷ നല്കിയപ്പോൾ അത് ദൈവികമായ സൗവർണ്ണാഭയിൽ ആവൃതമായി. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ രജതരേഖകൾ അദ്ദേഹത്തിന്റെ കൃതികളിൽ ഒളിമിന്നിനില്പുണ്ട്.

ഉദാത്തമായ ധ്യാനജീവിതത്തിന്റെ കലവറയാണ് 'ധ്യാനസല്ലാപങ്ങൾ'. ചാവറയച്ചന്റെ വ്യക്തിത്വവും പ്രാർത്ഥനാജീവിതവും കണ്ണാടിയിലൂടെയെന്നവണ്ണം സുവ്യക്തമാക്കുന്നതാണ് നാളാഗമങ്ങളും കത്തുകളും. ചാവറയച്ചനിൽ നിറഞ്ഞുനിന്ന അപ്രതിഹതമായ സ്നേഹത്തിന്റെ പ്രവാഹമാണ് ആത്മാനുതാപം. ചാവറയച്ചന്റെ ഗ്രന്ഥങ്ങളിൽ കാവ്യഗുണം മുറ്റിനില്ക്കുന്ന ഗ്രന്ഥം ആത്മാനുതാപമാണ്. അദ്ദേഹം ബഹുഭാഷാപണ്ഡിതനായിരുന്നതിനാൽ നിരവധി വിദേശ ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ കാവ്യസരണിയെ സ്വാധീനിച്ചിട്ടുണ്ട്. 'മരിയ അഗ്രതാ'യുടെ 'ദൈവത്തിന്റെ നഗരം' എന്ന സ്പാനീഷ് കൃതി

ആത്മാനുതാപരചനയിൽ ചാവറയച്ചന് സഹായകഗ്രന്ഥമായി. പഴയ മലയാളത്തിന്റെ ദുർജ്ഞേയതയും ദുരൂഹതയും കൂടാതെയുള്ള പ്രതിപാദനവും പാന, തരംഗിണി, കേക, വഞ്ചിപ്പാട്ട് തുടങ്ങിയ കേരളത്തിന്റെ വികാരധാരകളാവഹിക്കുന്ന നാടൻശീലുകളിലുള്ള രചനയും ആത്മാനുതാപത്തെ ചേതോഹരമാക്കുന്നു. ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം എന്നീ കാവ്യകൃതികളാണ് ചാവറയച്ചനിൽനിന്നു കൈരളിക്കു ലഭിച്ചത്.

ദൈവത്തിന്റെ അനന്തകാരുണ്യം വർണ്ണിച്ചു തുടങ്ങുന്ന ആത്മാനുതാപത്തിൽ, ഊടും പാവുമായി നില്ക്കുന്നത് കന്യകാമാതാവിന്റെയും ഈശോമിശിഹായുടെയും ജീവിതകഥാകഥനമാണ്. എന്നാൽ, അതിൽ പൊൻനൂൽ പാകുന്നത് ചാവറയച്ചന്റെ അനുതാപക്കണ്ണീരാണ്. ധ്യാനനിർലീനതയിൽ തന്നിൽ വിരിയുന്ന ദർശനധാരകൾക്ക് ഭാഷ്യം നല്കുക മാത്രമാണ് ചാവറയച്ചൻ ചെയ്തിരിക്കുന്നത്. സൃഷ്ടിപരതയുടെ നടനചാതുരിയോടെയുള്ള നർത്തനമാണ് ആത്മാനുതാപത്തെ ഹൃദയഹാരിയാക്കുന്നത്.

ചാവറയച്ചനാൽ വിരചിതമായ ഖണ്ഡകാവ്യമാണ് അനസ്താസ്യായുടെ രക്തസാക്ഷിത്വം. 'ലക്ഷണമൊത്ത ഖണ്ഡകാവ്യ'മെന്ന വിശേഷണത്തിന് ഈ കൃതി അനുയോജ്യമാണ്. 'അനസ്താസ്യാ' എന്ന പെൺകുട്ടിയുടെ ജീവചരിത്രമാണ് ഇതിലൂടെ പറയുന്നത്. മർമ്മപ്രധാനഭാഗങ്ങൾക്ക് ഹൃദയഭേദകമായ ഭാഷ നല്കി മിഴിവേകുവാൻ ചാവറയച്ചന് സാധിച്ചിട്ടുണ്ട്. അതിന് ഉദാഹരണമായി പറയാവുന്ന ഒരു ഭാഗമാണ് സോഫിയാമ്മയുടെ ഉപദേശം. കന്യകാലയസ്ഥാപകയും പരിശീലകയുമായ സോഫിയാമ്മ രാജകിങ്കരന്മാരാൽ രാജസന്നിധിയിലേക്ക് ആനയിക്കപ്പെടുന്ന അനസ്താസ്യായോടു പറയുന്നു:

"സ്നേഹമേറും മകളേ നിൻ ഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ് പോക
പൂർവ്വകാലേ നിന്റെ കരത്തെ നീട്ടി നിന്നെ ദാഹമോടെ
മാറിടത്തിലണച്ചോരു രാജനെയോർക്ക.

..........................................................................

മന്നിലുള്ള മന്നവന്മാരല്ല നിന്റെ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക
എന്നുചൊല്ലി പുണ്യസോപ്യാസ്നേഹമകൾ കന്നിതന്നെ

നന്ദിയോടെ മുത്തിവിട്ടു ധൈര്യമോടപ്പോൾ,

ചാവറയച്ചന്റെ തിരുസ്സഭാജ്ഞാനത്തെയും തിരുസ്സഭാസ്നേഹത്തെയും വെളിപ്പെടുത്തുന്ന കൃതിയാണ് 'മരണവീട്ടിൽ പാടുന്ന പാന'. വിവിധ ഭാവങ്ങൾ ഒന്നുചേർന്ന തിരുസഭാവക്രതത്തെ വാങ്മയചിത്രത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചു. അതായത് സമരസഭയും സഹനസഭയും വിജയസഭയും പരസ്പരം ബന്ധപ്പെട്ട കണ്ണികളാണെന്ന് പ്രഖ്യാപിച്ചു.

'പുണ്യവാന്മാരുടെ ഒരുമ്പാട്ടുന്മേൽ
പുണ്യമായുള്ളോരു വിശ്വാസത്താൽ
ജയവിരുതു ധരിച്ചുള്ള പള്ളിയും
ജഗതിയിലുള്ളൊരു യുദ്ധക്കാരും
ശുദ്ധീകരണത്തിലെ ദുഃഖജനങ്ങളും
ശുദ്ധമായ് മൂന്നുജനപള്ളികൾ.'

ആത്മാവിന്റെ കറ്റകൾ കൊഴിച്ച് ധാന്യമെടുക്കുന്ന ദുഃഖത്തിന്റെ മെതിപ്പുനിലമായ ഈ ജീവിതത്തിൽ മരണമാണ് യാഥാർത്ഥ്യമായിട്ടുള്ളത്. പക്ഷേ, മരണം ചിറകുവിടർത്തി വരുമ്പോൾ ആത്മാവ് ചകിതമാകുന്നു. മരണവേളയിൽ നമ്മെ സഹായിക്കാനും മരണഭയത്തിൽ നിന്ന് നമ്മെ വിമുക്തരാക്കാനും നമ്മുടെ സത്പ്രവൃത്തികൾക്കേ കഴിയൂ. ഈ സത്യം തന്റെ കൃതിയിലൂടെ സുവ്യക്തമായി, സുദൃഢമായി ചാവറയച്ചൻ പ്രഘോഷിക്കുന്നു. ●●

CARMEL JYOTHI
ALWAYE
THAIKKATTUKARA

മരണമെന്ന മഹാകടൽ കടക്കാൻ വിശുദ്ധ ഔസേപ്പ് പുണ്യവാന്റെ മേലുള്ള ഭക്തി എത്രയോ വലുതായിരിക്കുന്നു.



# 1 ആത്മാനുതാപത്തിലെ അനുതാപി

ചാവറയച്ചന്റെ തൂലികത്തുമ്പിൽനിന്ന് ധ്യാനവൈവശ്യത്തിന്റെ, അനുതാപത്തിന്റെ സ്മരണയുടെ തേനിഴകൾ ഒലിച്ചിറങ്ങുന്നു. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ മണിമുത്തുകൾ ചാവറകൃതികളിൽ നിന്ന് നമുക്ക് ഒപ്പിയെടുക്കാം.

അനുതാപനിർഭരമായ ഒരു ഹൃദയത്തിന്റെ നെടുവീർപ്പുകളുടെ അനുരണനം ആത്മാനുതാപത്തെ ആകർഷകമാക്കുന്നു. ക്രൈസ്തവമിസ്റ്റിസിസ്സത്തിന്റെ അടിസ്ഥാന സങ്കല്പമാണ് പാപബോധമെങ്കിൽ; പൗരസ്ത്യ ആദ്ധ്യാത്മികതയിൽ മികവാർന്നു നില്ക്കുന്ന ഘടകമാണ് അനുതാപം. സിറിയായിലെ വി. ഐസക് പറയുന്നു: 'ദൈവകൃപ ലഭിക്കുന്നതിനുള്ള ആദ്യപടിയാണ് അനുതാപം' എന്ന്. ടാഗോർ പാടി: 'അസമയത്ത് ഞാനിതാ ഓടിവന്നിരിക്കുന്നു. എന്റെ മനസ്സിൽ ഭയമുണ്ട്. എന്നാൽ ഞാൻ വന്നപ്പോൾ കാണുന്നത് അങ്ങയെ സംബന്ധിച്ചിടത്തോളം സമയം തെല്ലും കഴിഞ്ഞുപോയില്ല എന്നുള്ളതാണ്.' ഇതുപോലെ അനുതാപമിഴിനീരോടെ, വിതുമ്പുന്ന അധരങ്ങളോടെ, വിറയ്ക്കുന്ന ഹൃദയത്തോടെ ദൈവപിതാവിന്റെ പക്കലേക്ക് ഓടിയണയുന്ന ചാവറപ്പിതാവിനെയും, "എന്റെ മകനേ നീ വരിക, എന്ത്യെ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ അടുത്തു വരാതിരിക്കുന്നു" എന്നു ചോദിക്കുന്ന ദൈവപിതാവിനെയും ആത്മാനുതാപത്തിൽ നാം കാണുന്നു. ഈ വിശിഷ്ടകാവ്യം നുകരുമ്പോൾ നറുനിലാവിൽ അലിയുന്ന ചന്ദ്ര

കാന്തക്കല്ലുപോലെ ഭാവുകഹൃദയം സുധാംശുവായ ഈശ്വരന്റെ മുമ്പിൽ അലിഞ്ഞുപോകുന്നു. "മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം നഷ്ടപ്പെടുത്തിയില്ല" എന്നു ധൈര്യമായി പറഞ്ഞ ചാവറയച്ചൻ ദൈവത്തിന്റെ തിരുസിംഹാസനത്തിൻ മുമ്പാകെ എത്രമാത്രം അനുതാപവിവശനായിട്ടാണ് നിലകൊള്ളുന്നത് എന്നു നോക്കുക.

'വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ
എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു
അയ്യയ്യോ, മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ല പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി-
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം
മറ്റുള്ള ജനത്തേയും കാട്ടുവാനായിത്തന്ന
മാറ്റേറ്റും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി-
യിങ്ങനെയടിയന്റെ പൈതൽ പ്രായത്തിൽത്തന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദുഃഖം.
എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽനിന്നു ചിന്തിയ കൺനീരിനാൽ
പാപിയാം മമ പൈതൽ പ്രായത്തിൻകുറ്റങ്ങളെ
താപത്താൽ പൊറുതിയേകേണു പ്രാർത്ഥിക്കുന്നേൻ.

ഉദിച്ചുയരുന്ന സൂര്യപ്രഭയിൽ ഉരുകിയലിയുന്ന ഹിമകണം പോലെ ദൈവകരുണയിൽ അപ്രത്യക്ഷമാകുന്ന നിസ്സാരപ്രവൃത്തികളെപ്രതി ചാവറയച്ചൻ ഇത്രമാത്രം കണ്ണുനീർ ചിന്തിയെങ്കിൽ നാമൊക്കെ കണ്ണീർമഴ തന്നെ പൊഴിക്കേണ്ടിയിരിക്കുന്നു. സഭ്യതയുടെ അതിർവരമ്പ് ലംഘിക്കപ്പെടുമ്പോൾ ആഹ്ലാദത്തിമിർപ്പ് അനുഭവപ്പെടുന്ന ആധുനിക ലോകത്തിൽ പാപം പട്ടുവസ്ത്രമണിഞ്ഞാണ് വരുന്നതെന്ന ബോധ്യമാണ് നമുക്ക് ആവശ്യം. കഴിഞ്ഞകാലഘട്ടത്തിലെ കാല്പനിക കവികൾ പാടി,

'കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം.'

എന്നാൽ ഇന്നിന്റെ കവികൾ മൊഴിമാറ്റം നടത്തി,

'കപടലോകത്തിലെന്നുടെ കാപട്യം

സകലരും കാണുന്നതാണെൻ പരാജയം.'

ഇവിടെ വിശുദ്ധി സ്വപ്നമായി മാറുമ്പോൾ അനുതാപം അകലങ്ങളിലേക്ക് ഓടിമറയുന്നു. ചാവറയച്ചൻ പാടി:

'അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലേ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ"

യഥാർത്ഥത്തിൽ കർമ്മപാപത്തെക്കുറിച്ചുള്ള വിലാപം എന്നതിലുപരി ഈശോയുമായി പരിപൂർണ്ണമായി ആത്മസായൂജ്യം പ്രാപിച്ച് ആ നിത്യപ്രകാശത്തിൽ ലയിക്കുവാൻ കഴിയാത്തതിലുള്ള അപര്യാപ്തതാബോധമാണ് നാമിവിടെ കാണുക. അനുതാപക്കണ്ണീരിലാഴ്ന്നു നില്ക്കുന്ന ചാവറയച്ചന്റെ ധ്യാനനിമിഷങ്ങളെപ്പറ്റി ബ. ലൂവീസച്ചൻ ഇപ്രകാരം പറയുന്നു: "വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറാണല്ലൊ? ആ സമയം മുഴുവൻ സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽത്തന്നെ പരവശനായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവർ സ്കാപ്പുലർ മുത്തിക്കൊണ്ടു പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ സമീപെ നില്ക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യം തീർന്ന് ജപവും ചൊല്ലി അവസാനിപ്പിച്ച് കണ്ണുനീർ ഒഴുക്കിക്കൊണ്ടു പ്രാർത്ഥനാലയത്തിൽനിന്നു സ്വന്തം മുറിയിലേക്കു പോയിരുന്നു." സ്നേഹം സ്നേഹിക്കുന്നവനെയും സ്നേഹിതവസ്തുവിനെയും ഏകീഭവിപ്പിക്കുന്ന കാഴ്ചയാണ് നാമീ കാണുന്നത്.

ആത്മാനുതാപത്തിലൂടെ പീഡാനുഭവത്തിന്റെ വാങ്മയചിത്രം അനുവാചകർക്കുമുമ്പിൽ വയ്ക്കുവാൻ ചാവറയച്ചനു സാധിച്ചു. കണ്ണിൽ നിറഞ്ഞതും കാതിൽ പതിച്ചതും ഹൃദയത്തിൽ അനുഭവമാക്കി മാറ്റുവാൻ സാധിക്കുമല്ലോ. നിരന്തര അനുതാപത്തിലൂടെ, നിലയ്ക്കാത്ത നീർമിഴിയിലൂടെ, ചാവറയച്ചന്റെ കണ്ണിലും കാതിലും ഹൃദയത്തിലും പതിച്ചവയ്ക്ക്, വ്യാകരണംകൊണ്ട് അതിർവരമ്പിട്ട അക്ഷരരൂപം നല്കാൻ അദ്ദേഹം സന്നദ്ധത കാണിച്ചു.

"നിർമ്മലുന്നത ദുഃഖമുണ്ടാവാൻ മുടക്കീലാ
വീണ്ടവർ തിരുക്കരമൊന്നതിലാണിവച്ചു
രണ്ടാമപ്പഴുതതിലെത്തീല തിരുക്കരം
എന്നതുകണ്ടു കയറെടുത്തു തിരുകൈയിൽ
നന്നായി ബലത്താലേ കെട്ടിയങ്ങിഴച്ചയ്യോ
ഇങ്ങനെ കരംരണ്ടും ക്രൂരമായ് തറച്ചുടൻ

മംഗലപാദങ്ങളും ചേർത്തവർ തറച്ചശ്ശോ
വീണ്ടവരാണി മുനമടക്കിത്തറപ്പാനായ്
ആണ്ടവൻ കുരിശോടെ നിലത്തിൽ മെത്തുവാൽ
ഭാവിച്ചനേരത്തിങ്കൽ കാണികൾ ബഹുജനം
ഭാവസ്നേഹത്താൽ ക്രൂരമിതെന്നങ്ങൊരുസ്വരം
കേട്ടുടൻ മാതാവമ്മയറിഞ്ഞു മഹാദുഃഖാൽ."

ക്രൂശിതരൂപത്തെ നോക്കി നില്ക്കുവാൻ ശക്തിയില്ലാതെ നമ്രശിരസ്കനായ് അദ്ദേഹം തുടർന്നു:

"നീതികേടായ ശിക്ഷ കാണുവാൻ വശഹീനൻ
തൂങ്ങിനില്ക്കുന്ന നാഥൻ ദേഹഭാരത്താൽ വേണം
താണ്ടിയും ഞരമ്പുകൾപൊട്ടിയും വാർത്തിടുന്ന
രക്തക്കാഴ്ചയാലുറച്ചീടുവാൻ വശഹീനം."

*ഞാൻ നിന്നു - ക്രൂശിതരൂപത്തിനുമുമ്പിൽ*
*അഷന്റെ ചാരെ, വികാരത്തള്ളലോടെ -*
*നാവനങ്ങിയില്ല, സ്വരം ജന്മമെടുത്തില്ല*
*എല്ലാം കാലഹരണപ്പെട്ടു*
*അനുതാപവർഷം - വിശുദ്ധിയുടെ ഉത്ഭവം*
*നിലയില്ലാനീർക്കയമെൻ പാപം*
*പാപമേഘങ്ങൾ നിറഞ്ഞതാണെൻ ഭൂതം*
*നീതിസൂര്യനുദിക്കുന്നെൻ ഭാവി*
*സ്നേഹനിലാവൊളി തൂകുന്നിതാ*
*ഏകയല്ല ഞാൻ... അഷനുണ്ടെന്റെ കൂടെ*
*ആദത്തിന്റെ മുറഞ്ഞയില*
*ജോഷ്വായുടെ മുഷിഞ്ഞവസ്ത്രം*
*എന്റെ മരവിച്ച മനസ്സും*
*അനുതാപമിഴിനീരിലലിഞ്ഞുപോയോ...*
*അഷാ, നിൻ വിശുദ്ധിയെന്നിൽ വ്യതിരിക്തതയാകട്ടെ*
*ഈ വ്യതിരിക്തതയിൽ ഞാനും വിശുദ്ധയാകട്ടെ.* ●●



## 2 ധ്യാനസല്ലാപത്തിലെ ധ്യാനയോഗി

വി. അമ്മത്രേസ്യായുടെ കാഴ്ചപ്പാടനുസരിച്ച് ആത്മാവാകുന്ന ഹർമ്മ്യത്തിലേക്കുള്ള വാതിൽ പ്രാർത്ഥനയും ധ്യാനവുമാണ്. ധ്യാന മാകട്ടെ, 'എന്നെ സ്നേഹിക്കുന്ന, എന്നെ സ്നേഹിക്കുന്നുവെന്ന് എനി ക്കറിയാവുന്ന ദൈവവുമായുള്ള സ്നേഹസംഭാഷണമാണ്.' ഇതിനെ കുറച്ചുകൂടി സുവ്യക്തമാക്കുന്നതാണ് ചാവറയച്ചന്റെ വീക്ഷണം. അദ്ദേഹം പറയുന്നു, ധ്യാനമെന്നത് സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്ന് തന്നോടൊന്നിച്ചിരുന്ന് സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണംപോലെ ആത്മമണവാളനായ ഈശോമിശി ഹായോടൊന്നിച്ചിരുന്ന് സംസാരിക്കുകയത്രെ.'

"ഞാനെൻ വല്മീകത്തി-
ലിത്തിരിനേരം ധ്യാന-
ലീനനായിരുന്നതു
മൗനമായ് മാറാനല്ല
മൗനത്തെ മഹാശബ്ദമാക്കുവാൻ
നിശ്ചല ധ്യാനത്തെ ചലനമായ്
ശക്തിയായുണർത്തുവാൻ."

"എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്' എന്ന ഈ കവിതയിൽ വയലാർ പാടിയത് ചാവറയച്ചന്റെ ആത്മഗതങ്ങൾക്കുള്ള സ്നേഹഭാഷ്യമായി. "സമർപ്പിതജീവിത"ത്തിൽ പരി. പിതാവ്

ധ്യാനത്തെപ്പറ്റി പറയുന്നത് ആനുഷംഗികമായി സ്മരിക്കുന്നത് സമീചീനമാണ്. 'സമർപ്പിതർ, ദൈവവചനത്തിന്റെ വെളിച്ചത്തിൽ തങ്ങളെത്തന്നെ നിരന്തരം നവീകരിക്കുന്നുവെങ്കിൽ സഭയിലും ലോകത്തിലുമുള്ള തങ്ങളുടെ ദൗത്യത്തോട് അവർ വിശ്വസ്തരായിരിക്കും.' ദൈവവചനത്തിന്മേലുള്ള ധ്യാനം മൗനത്തെ മഹാശബ്ദമാക്കുന്നു. ഹൊറിബുമലയിൽ മന്ദമാരുതനിൽ, അതും ഇടിമുഴക്കവും മറ്റും കഴിഞ്ഞുവരുന്ന ഇളംതെന്നലിൽ, ഏലിയ ദൈവത്തിന്റെ മഹാശബ്ദം കേട്ടു. അദ്ദേഹത്തിന്റെ ഹൃദയത്തിലെ നിശബ്ദതയിൽ ആ മഹാശബ്ദം പ്രകമ്പനം കൊണ്ടു. സൈന്യങ്ങളുടെ കർത്താവിനോടുള്ള തീക്ഷ്ണതയാൽ ജ്വലിച്ച പ്രവാചകൻ, തന്റെയുള്ളിലെ മൗനത്തിൽ ആ മഹാശബ്ദത്തെ ഉൾക്കൊണ്ടില്ലായിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു? ആ മഹാശബ്ദമായ് മാറിയ മൗനം അദ്ദേഹത്തിന്റെ ഹൃദയത്തുടിപ്പിനെ താളാത്മകമാക്കി; ജീവിതത്തെ ചലനാത്മകമാക്കി. നീണ്ട മണിക്കൂറിലെ ധ്യാനത്തിനുശേഷം ചാവറയച്ചൻ ഇറങ്ങിയിരുന്നത് മൗനത്തെ മഹാശബ്ദമാക്കാനും ധ്യാനത്തെ ശക്തിയായ്, ചലനമായ് ഉണർത്താനുമായിരുന്നു. ധ്യാനം കർമ്മംചെയ്യാൻ പ്രേരകമാക്കി. അജ്ഞാതനായ കവി പാടിയതുപോലെ,

ഈ ലോകത്തിലൂടെ ഞാൻ കടന്നുപോകാം
പക്ഷേ, ഒരിക്കൽ മാത്രം
മനുഷ്യനോടു ചെയ്യാവുന്ന ഏതു നന്മയും
കരുണാർദ്രമായ ഏതു സേവനവും
അല്പംപോലും നീട്ടിവയ്ക്കാതെ ഞാനിപ്പോൾത്തന്നെ
ചെയ്യട്ടെ;
കാരണം ഇനിയൊരിക്കലും ഈ യാത്ര
ആവർത്തിക്കാൻ എനിക്കാവില്ലല്ലോ.

ദൈവവചനത്തിൽ ചാവറപ്പിതാവ് ലയിച്ചതും ദൈവവചനം ചാവറപ്പിതാവിലൂടെ വളർന്നതുമായ അത്ഭുതകരമായ കാഴ്ചയാണ് ധ്യാനസല്ലാപത്തിൽ നമുക്കു കാണാൻ കഴിയുക. ധ്യാനസല്ലാപത്തിലെ ചാവറയച്ചൻ തിരുവചനഭാഷ്യക്കാരന്റെ വേഷമണിഞ്ഞിരിക്കുന്നു. വ്യക്തമായും വ്യംഗ്യമായും ദൈവവചനത്തെ അദ്ദേഹം പിൻതുടരുന്നു. ധ്യാനസല്ലാപത്തിൽ നാം കാണുന്നു -

1. കല്യാണവിരുന്നിന്റെ ഉപമ
2. ധൂർത്തപുത്രന്റെ ഉപമ

3. സീനായ്മലയും മോശയും

4. സക്കേവൂസിന്റെ കഥ

5. കാണാതെപോയ ആടും ഇടയനും

6. തിരുപ്പിറവി

7. പീഡാനുഭവം

തനതുശൈലിയിലുള്ള ഈ ഭാഷ്യങ്ങൾ ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ മാണിക്യക്കല്ലുകളാണ്.

ചാവറയച്ചന്റെ ജീവിതം വിശുദ്ധിയുടെ ഉപാധികളായ പ്രാർത്ഥനയും ധ്യാനവും തപശ്ചര്യകളും നിസ്വാർത്ഥമായ മനുഷ്യസ്നേഹവും ഒത്തിണങ്ങിയതായിരുന്നു. അദ്ദേഹത്തിന്റെ പരസ്നേഹപ്രവർത്തനങ്ങളുടെയെല്ലാം ശക്തികേന്ദ്രം ദൈവവുമായുള്ള ഉറ്റബന്ധം തന്നെയുമായിരുന്നു. ഈ ബന്ധം തന്റെ മക്കളും വളർത്തിയെടുക്കാനായി ചാവറയച്ചൻ പറയുന്നത് ഇപ്രകാരമാണ്.

'ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ
എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ
തന്റെ അരികെ നടപ്പിൻ,
തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ!

'കർത്താവ് എന്റെ ഓഹരിയും പാനപാത്രവും' എന്നു പറഞ്ഞ ചാവറയച്ചന്റെ ജീവിതത്തിന്റെതന്നെ ഒരു ഭാഗമായി ധ്യാനം മാറി. തന്റെ പ്രവൃത്തിയും നാഡിയിടിപ്പുകൂടിയും ആരാധനയാക്കി പകർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ദിവ്യസക്രാരിയായിരുന്നു അദ്ദേഹത്തിന്റെ സുരക്ഷിതമായ അഭയസ്ഥാനം. അനുനിമിഷം, ആ ഹൃദയത്തിൽ നിന്നുയർന്നു.

'ആ കർത്താവേ, നിന്നോട് ഒന്നു ഞങ്ങൾ
ആകുംവരെ ഞങ്ങളിൽനിന്ന് അകലല്ലേ'

തിരുക്കുരിശിൽ ദൈവത്തിന്റെ സൗന്ദര്യം മുഴുവനായി ആസ്വദിച്ച വി. അഗസ്റ്റിനെപ്പോലെ, ധ്യാനമുറിയിലേക്കു കടന്നുവരുമ്പോൾ, കർത്താവിന്റെ ദിവ്യസൗന്ദര്യം ദർശിക്കാൻ ചാവറയച്ചന്റെ ഹൃദയവും വെമ്പൽകൊണ്ടു. അദ്ദേഹം എഴുതി,

'ആ! എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള

തിരുക്കണ്ണുകളുടെയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാറ്റി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എനിക്കെന്നു കാണ്മാനിടയാകും."

അടുത്തക്ഷണം അദ്ദേഹത്തിന്റെ വികാരം തരളിതമായി. ദുഃഖ പാരവശ്യത്താൽ അദ്ദേഹം തളരുന്നു.

'കർത്താവേ, ഈ മഹാപാപിയായ അടിയന്റെ അശുദ്ധകൈക ളിലും നാവിലും ഹൃദയത്തിലുംകൂടെയും എത്രയോ ഊഴം നീ എഴു ന്നള്ളി. എന്റെ മനോഗുണമുള്ള സർവ്വേശ്വരാ! ഇനി യാതൊരുത്ത നെയും താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പിക്കാൻ ഇടയില്ലാ തായല്ലൊ."

ഹൃദയവും ഹൃദയവും ചേർന്നിരിക്കുന്ന, ആത്മാവും ആത്മാവും ലയിച്ചിരിക്കുന്ന ധ്യാനനിമിഷത്തിൽ ആ വിനീതഹൃദയൻ പറഞ്ഞു. 'ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല, അതെന്ത്യേ മഹാപാപി."

ഇങ്ങനെ, ദൈവത്തോടൊത്തു ശ്വസിച്ച്, ദൈവത്തോടൊത്തു വസിച്ച്, ദൈവത്തിൽ വിലയംപ്രാപിച്ച നമ്മുടെ അപ്പൻ നമ്മെ ഉപദേ ശിക്കുന്നു – 'നാമെല്ലാവരും വി. അമ്മത്രേസ്യായെ അനുകരിച്ച് ധ്യാന ത്തിന്റെ നാലാം പദവിയിലെങ്കിലും എത്തണമെന്ന്.

*പേരറിയാത്ത നൊമ്പരവുമായി*
*അപ്പന്റെ ചാരെ നിന്നനേരം*
*അരിച്ചിറങ്ങുന്നു നാഡിഞരമ്പുകളിൽ*
*ഉള്ളിൽ കത്തുന്ന തീക്ഷ്ണതയോ?*
*നീറും മനസ്സിലെ അപര്യാപ്തതയോ?*
*ധ്യാനമെന്നെ യോഗിയാക്കിയോ?*
*യോഗമെന്നെ വിശുദ്ധയാക്കിയോ?*
*നടുക്കുന്ന സത്യം! വിറയ്ക്കുന്ന ഹൃത്തും*
*ആംഗ്ലേയ കവിയുടെ വാക്യം പോലെ,*
*"വനം മനോജ്ഞം നിബിഡം വിശാലം*
*കനത്തതാം ജോലികൾ ഉണ്ടെനിക്ക്"*
*നിനച്ചിരിപ്പൂ തലയൊന്നു ചായ്ക്കാൻ"*
*പ്രിയനെ അറിയാത്ത പ്രേയസിയായി*
*നില്ക്കും ക്ഷണത്തിൽ കാലംപോയാൽ*

ആരവമില്ലാതെ അവൻ വരുമ്പോൾ
ആപാദചൂഡം വിറയ്ക്കില്ലേ ഞാൻ
അഹാ, എൻ ചാരെ വന്നിരുന്നെന്നെ
പ്രിയന്റെ പേച്ചൊന്നു പഠിപ്പിക്കണേ
കാലയവനിക പാതിവഴി പിന്നിട്ടു
യാത്രാവരമെനിക്ക് തന്നീടണേ
ആ മുഖശോഭയിൽ എല്ലാം മറക്കട്ടെ
ആ ഹൃദയത്തിൽ ലയിക്കട്ടെ ഞാൻ. ●●

ദൈവത്തോടു വാദു പറയുക എന്നാൽ നമ്മുടെ നാഡീഞരമ്പുകളുടെ ഇളക്കങ്ങളും, കണ്ണുനീരും, ശ്വാസം വിടുക മുതലായതും പരിഭവങ്ങളുടെ സ്വരങ്ങളും ഇതൊക്കെയും നമ്മുടെ അപേക്ഷകളായിട്ട് കർത്താവിന്റെ പ്രവൃത്തിയോടു ചേർത്തു കാഴ്ചവയ്ക്കുക. ഇങ്ങനെ ചെയ്താൽ നമ്മുടെ കുറ്റങ്ങൾ മാഞ്ഞുപോകുന്നു. ഏറിയ പുണ്യസമ്പാദ്യവും ലഭിക്കുകയും ചെയ്യും.



# 3 സ്മരണയുടെ മനുഷ്യനായ കവി

സാഹിത്യലോകത്തിലെ പ്രതിഭാധനനായ കവി വയലാർ പാടി.

"മനുഷ്യമസ്തിഷ്കത്തോ-
ടല്ല, മാംസത്തോടല്ല;
മനസ്സിനോടേ കാവ്യഹൃദയം
സംസാരിക്കൂ."

ചാവറയച്ചനിലെ കാവ്യഹൃദയം അദ്ദേഹത്തിന്റെ മനസ്സിനോട് സദാപി സംസാരിച്ചു. അത് ദൈവകരുണയെക്കുറിച്ചുള്ള സ്മരണയായി മാറി. വിശുദ്ധസ്മരണകളുടെ മനുഷ്യനാണ് ചാവറയച്ചൻ, ദൈവത്തെയും സഹോദരങ്ങളെയും സ്മരിച്ചവൻ! ഈ സ്മരണകളുടെയെല്ലാം അന്ത്യത്തിൽ അദ്ദേഹത്തിനു ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു:

"ആയതിനെന്തു കാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ."

"ആത്മാനുതാപ"ത്തിന്റെ അകംപൊരുളിൽ നിന്നാണ് ഈ സ്മരണയുടെ മനുഷ്യനെ നാം കണ്ടെത്തുക. "സഞ്ചാരിയുടെ ദൈവ"ത്തിൽ ലേഖകൻ പറയുന്നുണ്ട് – 'മറവി ഒരു പാപമാണ്. വന്ന വഴികളിലെ പൂവിതളുകളെക്കുറിച്ചും മുള്ളുകളെക്കുറിച്ചും എന്നുമുണ്ടാകണം ഓർമ്മകൾ!' ചാവറയച്ചൻ ഇപ്രകാരം ഒരു മനുഷ്യനായിരുന്നു. ജീവി

തത്തെ അതിന്റെ എല്ലാ ചവർപ്പോടും മാധുര്യത്തോടുംകൂടി സ്നേഹിച്ച അദ്ദേഹത്തിന് ഓർക്കുവാൻ ഒത്തിരിയുണ്ടായിരുന്നു. പക്ഷേ, അത് തന്നെക്കുറിച്ചായിരുന്നില്ലെന്നുമാത്രം. ധ്യാനസല്ലാപത്തിൽ ദൈവത്തിലേക്കു തിരിയുന്ന തന്റെ ആത്മാവിനെയും സ്നേഹപ്രകർഷത്തോടെ തന്നെ വാരിപ്പുണരുന്ന ദൈവത്തെയും അദ്ദേഹം സ്മരിച്ചു. എന്നാൽ ആത്മാനുതാപത്തിൽ യേശുവിന്റെയും മാതാവിന്റെയും ജീവിതകഥകളാണ് സ്മർത്തവ്യമായത്.

സ്മരണയുടെ കാവ്യമെന്നു വിശേഷിപ്പിക്കാവുന്ന ആത്മാനുതാപത്തിലൂടെ നമുക്കൊന്നു കണ്ണോടിക്കാം. ദൈവം ചെയ്ത ഓരോരോ കാര്യങ്ങൾ എണ്ണിയെണ്ണി ഓർക്കുകയാണ് ഒന്നും രണ്ടും പാദങ്ങളിൽ –

'ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായിയെന്നെയും തീർത്തു നീ
പൈതൽക്കാലത്തിൽ തീറ്റി വളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ
അന്നവൾക്കു നീ നല്കിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ,
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ.

പിച്ചവഴികളിൽ പതറിയ പാദചലനങ്ങളോർത്ത് പരിതപിക്കുന്ന ചാവറയച്ചനെ ജീവിതസായാഹ്നത്തിലും നമുക്ക് കണ്ടെത്താനാവും. അതിന്റെ അനുരണനങ്ങൾ രണ്ടാം പാദത്തിലുണ്ട്.

'അന്ധരും മുടന്തരും ചെകിടർ പൊട്ടരൊക്കെ-
യന്ധകാരാമെന്നെയറയ്ക്കുമയ്യോ നാഥാ
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മയ്ക്കതു ഞാൻ കരുവാക്കി'

മൂന്നാം പാദത്തിലാകട്ടെ, ഓർമ്മയുടെ നീർക്കയത്തിൽ വീണ ചാവറയച്ചനെ കാണുന്നു. ഓർക്കുന്നതെല്ലാം 'കാണാകേണം' എന്ന ശാഠ്യബുദ്ധി ഇതിൽ നിറഞ്ഞുനില്ക്കുന്നു.

'ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം

കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹം പുക്കതും കാണാകേണം
നോവും കുറയും കൂടാതെ പ്രസവിച്ച
ദൈവമാതാവെയും കാണാകേണം
കണ്ണിണ ചായാതെ കുമ്പിട്ട തന്നുടെ-
യുണ്ണിയെൻ കൺകൾക്കു കാണാകേണം
ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകേണം.

ഈശോ മനുഷ്യാവതാരം ചെയ്ത സ്ഥലത്തിലേക്ക്, കാലത്തിലേക്ക്, സമയത്തിലേക്ക് കടന്നുചെന്ന് കർത്താവിന്റെ മനുഷ്യാവതാരരഹസ്യങ്ങൾ വ്യക്തിപരമായി അനുഭവിച്ചറിയാൻ കൊതിക്കുന്ന ഓർമ്മയുടെ മനുഷ്യനായ വാ. ചാവറയച്ചനെ മൂന്നും നാലും അഞ്ചും ആറും പാദങ്ങളിൽ നാം കാണുന്നു. ആ സ്മരണകളിൽ മുങ്ങിയും പൊങ്ങിയും ആനന്ദാബ്ധിയിലാറാടിയും ചാവറയച്ചന്റെ ആത്മാവ് വിഹരിക്കുന്നു. എന്നാൽ ഏഴും എട്ടും പാദങ്ങൾ പീഡാനുഭവത്തിന്റെ നിഴലിലാണ് ശോഭിക്കുന്നത്. പാപം ചെയ്ത് ദൈവപുത്രസ്ഥാനം നഷ്ടപ്പെടുത്തിയ മനുഷ്യകുലത്തെ കർത്താവ് തന്റെ പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ദൈവികജീവനിൽ പങ്കുചേർത്ത് ദൈവമക്കളാകുന്നത് വിശേഷവിധിയാൽ കാണ്മാനാകും.

"ധൂർത്തുള്ള മണപ്പന്തൽ ഗാഗുൽത്താകൊടുമുടി
ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ
ധീരമായുള്ള സ്നേഹവാമിനി വന്നീടുക
സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ."

സ്മരണകളിലൂടെ ജ്വലിച്ച സ്നേഹത്തെ ദർശനങ്ങളിലൂടെ ആഴപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു. ദർശനങ്ങളോടും സ്മരണകളോടുമുള്ള പ്രതിബദ്ധത ഒരുവനിൽ എത്രമാത്രമുണ്ടോ, അത്രമാത്രം ത്യാഗസന്നദ്ധതയും അവനിൽ ഉണ്ടായിരിക്കും. അത് ജീവിതസമ്പൂർണ്ണതയ്ക്ക് കാരണമാകും. ഔവ്വയാർ പറയുന്നു:

"മനുഷ്യജന്മം ഒരപൂർവ്വസംഭവമാണ്.
അതിലും അപൂർവ്വമാണു വൈകല്യങ്ങളില്ലാത്ത ജനനം.
വൈകല്യങ്ങളില്ലാതെ ജനിച്ചാലും
വിവരവും വിദ്യാഭ്യാസവും നേടുന്നതപൂർവ്വം

വിവരവും വിദ്യാഭ്യാസവും നേടിയാലും
ബലിയർപ്പിക്കുന്നതും തപസനുഷ്ഠിക്കുന്നതും അപൂർവ്വം

പക്ഷേ, ബലിയർപ്പിക്കുകയും തപസനുഷ്ഠിക്കുകയും ചെയ്യുന്നവനെ വരവേല്ക്കാൻ സ്വർഗ്ഗകവാടങ്ങൾ തുറക്കും.'

ഇതുതന്നെയാണ് ചാവറയച്ചനിൽ നടന്നത്. അദ്ദേഹത്തിന്റെ അപൂർവ്വത അദ്ദേഹത്തിന്റെ വിശുദ്ധിയായി മാറി.

*മാറാല വീണൊരു ഇന്നലെകളിലേക്ക്*
*ജാലകം മെല്ലെ തുറന്നിട്ടു ഞാനും*
*കുയിലിന്റെ പാട്ടില്ല, മയിലിന്റെ ആട്ടമില്ല*
*കൂമന്റെ കൂവലും ചിറകടിയും*
*എന്തു ഞാൻ ചൊല്ലേണ്ടു തമ്പുരാനേ...*
*സ്മരണകൾക്കു മേലൊരു മൂടുപടം*
*ദൈവകരുണതൻ മൂടുപടം*
*ചാർത്തി ഞാൻ മെല്ലെയൊളിഞ്ഞുനോക്കി..*
*കൂരിരുട്ടിലുണ്ട് ദൈവപുത്രൻ*
*കൊടുംകാട്ടിലുണ്ട് മനുഷ്യപുത്രൻ*
*പതറിയ പാതയിൽ ദൈവപുത്രൻ*
*ഇടറിയ നെഞ്ചിൽ മനുഷ്യപുത്രൻ*
*പുൽത്തൊട്ടിയിലെ പിഞ്ചുകുഞ്ഞ്*
*കാൽവരിയിലെ വ്രണിതഗാത്രം*
*സ്തോത്രം പാടി ഹല്ലേലുയ്യ പാടി*
*ഒരുവേള, എല്ലാം നന്മയാകും*
*എന്നറിഞ്ഞിന്നു ഞാൻ ആനന്ദിപ്പൂ.* ●●

> *രോഗികളെ ശുശ്രൂഷിക്കുന്ന പ്രവൃത്തി ആണത്രേ സർവ്വേശ്വരൻ പുണ്യവാളന്മാരെ പുണ്യപ്പെട്ടവരാക്കിയത്.*

# യാഗദീപം

ദിവ്യകാരുണ്യനാഥന്റെ മുമ്പാകെ
ധ്യാനലീനനായിരിക്കുന്ന
വേളകളിൽ ദൈവജനത്തിന്റെ
അഭിവൃദ്ധിയ്ക്കുവേണ്ടിയുള്ള തന്റെ
നിഗൂഢവഴികൾ
ദൈവം അദ്ദേഹത്തിന് വെളിപ്പെടുത്തി.
(സി.എം. സി. പ്രമാണരേഖ).

കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ
സൂര്യതേജസ്സായി ഉദിച്ചുയർന്ന
വാഴ്ത്തപ്പെട്ട ചാവറപിതാവ്!! കാലത്തിനു മുമ്പേ
നടന്നു നീങ്ങിയ കർമ്മയോഗിയെന്ന്
സുമനസ്സുകൾ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു.

സമുദായത്തിന്റെ അടിത്തറയും
ആണിക്കല്ലും കുടുംബങ്ങളാണെന്ന്
തിരിച്ചറിഞ്ഞ് സമുദായ സമുദ്ധാരണത്തിനു
വേണ്ടി അദ്ദേഹം ഏറെ പ്രവർത്തിച്ചു.
കുടുംബത്തിന്റെ കാവൽവിളക്കുകൾ
സ്ത്രീകളാണെന്ന് മനസ്സിലാക്കി
അവരെ വേദജ്ഞാനത്തിൽ വളർത്താൻ യത്നിച്ചു.

വിദ്യാഭ്യാസമണ്ഡലത്തിൽ വിപ്ലവകരമായ
ചുവടുവയ്പ്പുകൾക്ക് തുടക്കം കുറിച്ചു.
അദ്ദേഹം കൈവയ്ക്കാത്ത
വേദികളില്ല..... മേഖലകളില്ല.....

സി. കൊച്ചുത്രേസ്യ C.M.C.